# ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂൾ ഏരൂർ



## LK Batch 2022-2025



# അർഥൗകസ്

# ആമുഖം

കൊല്ലം ജില്ലയുടെ കിഴക്കൻ മലയോരമേഖലയായ ഏരൂരിൽ ഒന്നര നൂറ്റാണ്ടിലേറെയായി പ്രകാശിക്കുന്ന വിദ്യാദീപമാണ് ഗവ. ഹയർ സെക്കന്ററി സ്കൂൾ. ഏതാനും വിദ്യാർത്ഥികളുമായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം ഇന്ന് കൊല്ലം ജില്ലയിലെ തന്നെ എണ്ണപ്പെട്ട സ്കൂളുകളിലൊന്നായി മാറിക്കഴിഞ്ഞു. അക്കാദമി രംഗത്തും കലാ-കായിക ശാസ്ത്രമേഖലകളിലും വിസ്മയകരമായ നേട്ടങ്ങളാണ് വർഷങ്ങളായി ഈ വിദ്യാലയ മുത്തശ്ശി കൈവരിച്ചുവരുന്നത്. 5 മുതൽ 12 ക്ലാസ്സുവരെയായി 1300-ഓളം വിദ്യാർത്ഥികളാണ്




ഇവിടെ അധ്യയനം നടത്തിവരുന്നത്. ഒപ്പം ഉപരിപഠനസൗകര്യാർത്ഥം കേരളാ യൂണിവേഴ്സിറ്റിയുടെ യു.ഐ.റ്റി സ്കൂൾ ക്യാമ്പസിൽത്തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികളിലെ കായികവും മാനസികവും സാമൂഹികവുമായ വികാസങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട്

എൻ.സി.സി ,എസ്.പി.സി,ജെ.ആർ.സി,എൻ.എസ്.എസ്, സ്കൗട്ട് & ഗൈഡ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ സംരംഭങ്ങൾ സ്തുത്യർഹമായ

സേവനമാണ് ഇവിടെ നിർവ്വഹിച്ച വരുന്നത്. ഇത്രയധികം ക്ലബ്ബുകൾ ഒരുമിച്ച പ്രവർത്തിക്കുന്ന അപൂർവ്വം

വിദ്യലയങ്ങളിലൊന്നാണ് .ഏരൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ.

സ്കൂളിന്റെ സമഗ്രവികസനത്തിന് പ്രാധാന്യം നൽകുന്ന അധ്യാപക-രക്ഷകർത്തൃ സമിതിയും കർമ്മനിരതരായ അധ്യാപകരുമാണ് വിദ്യാലയത്തെ നേട്ടങ്ങളിലേക്ക് നയിക്കുന്നത്. യു.പി, എച്ച്. എസ്, എച്ച്. എസ്. എസ് വിഭാഗങ്ങൾ സ്കൂളിന്റെ നേട്ടങ്ങൾക്കായി വിഭാഗീയതകളില്ലാതെ പ്രവർത്തിക്കുന്നു.

വിവിധങ്ങളായ ലക്ഷ്യങ്ങൾ മുൻനിർത്തി വിദ്യാർത്ഥികളുടെ വ്യക്തിത്വവികാസത്തിന് ഊന്നൽ നൽക്കികൊണ്ട് പ്രവർത്തിക്കുന്ന ക്ലബ്ബുകളിൽ വളരെ സജീവവും പ്രാധാന്യമേറിയതുമാണ് ലിറ്റിൽ കൈറ്റ്സ് എന്ന ഐ.റ്റി കൂട്ടായ്മ.

# സന്ദേശം



നമ്മുടെ സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ് "എന്ന ഐടി കൂട്ടായ്മയിലെ കുട്ടികൾ തയ്യാറാക്കിയ "അർഥൗകസ് "എന്ന മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പ്രസീത പി.എൻ (എച്ച് എം ഇൻച്ചാർജ്)



ഏരൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ "ലിറ്റിൽ കൈറ്റ്" എന്ന ഐടി കൂട്ടായ്മതയ്യാറാക്കിയ "അർഥൗകസ് "എന്ന ഡിജിറ്റൽ മാഗസിൻ സാങ്കേതികത്വത്തോടൊപ്പം കുട്ടികളുടെ സർഗവാസനകളെ കൂടി പരിപോഷിപ്പിക്കുന്നതാണ്

ജയലക്ഷ്മി ഡി.വി (പ്രിൻസിപ്പൽ)



"അർഥൗകസ്സിന്" എരൂർ ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ അർഥം എന്ന ഡിജിറ്റൽ മാഗസിന് പിന്നിൽ പ്രവർത്തിച്ചവരെ അനുമോദിക്കുന്നതിനോടൊപ്പം ആശംസകളും നേരുന്നു" ഹൃദയം നിറഞ്ഞ ആശംസകൾ !

ശ്രീ അജയൻ എം
(പി.റ്റി.എ പ്രസിഡൻറ്)



ഇതര ശാസ്ത്ര വിഷയങ്ങളെ അപേക്ഷിച്ച് വിവരവിനിമയ സാങ്കേതിക വിദ്യക്ക് ഏറെക്കാലത്തെ പഴക്കം അവകാശപ്പെടാൻ ഇല്ലെങ്കിലും സാധ്യതകളുടെയും പ്രയോഗത്തിന്റെയും കാര്യത്തിൽ ഇത് സർവ്വവ്യാപിയായി തീർന്നു. ലിറ്റിൽ കൈറ്റിന്റെ കുട്ടികൾ നിർമ്മിക്കുന്ന "അർഥൗകസിന്" എല്ലാവിധ ആശംസകളും നേരുന്നു.

ബിന്ദു.ജി & ദീപ റ്റി
(കൈറ്റ്മിസ്ട്രസുമാർ)

# എഡിറ്റോറിയൽ ബോർഡ്

ശ്രീമതി പ്രസീത പി എൻ (എച്ച് എം ഇൻ ചാർജ് )

ശ്രീ സുനിൽ. കെ ആർ (സ്റ്റാഫ് സെക്രട്ടറി )

ശ്രീമതി ബിന്ദു ജി (കൈറ്റ് മിസ്ട്രസ് )

ശ്രീമതി ദീപ ടി (കൈറ്റ് മിസ്ട്രസ്)

ശ്രീമതി ശ്യാമിലി എസ് (SITC)

ആദിത്യൻ എസ് (ലീഡർ, ലിറ്റിൽ കൈറ്റ്സ്)

അൻഹ എ (ഡെപ്യൂട്ടി ലീഡർ, ലിറ്റിൽ കൈറ്റ്സ്)

റോഷ്ന എ

മുഹമ്മദ് ആരിഫ് ഖാൻ.എം



# ഉള്ളടക്കം...............


എന്റെ കേരളം.......................................................11 - 13
മനസ്സിന്റെ നന്മ ..................................................14 - 15
ചന്തമുള്ള പന്ത്...................................................16 - 16
പഴഞ്ചൊല്ലുകൾ...................................................17 - 18
The wandering boy........................................19 - 21
എന്റെ വിദ്യാലയം..............................................22 - 23
the brook.........................................................24 - 25
നായകൻ.............................................................26 - 29
healing forest..................................................30 - 31
സന്തുഷ്ട കുടുംബം.............................................32 - 37
മഴ......................................................................38 - 39
സന്തോഷം ഒരു വീട് ..........................................40 - 43
സൗന്ദര്യ ലഹരി...................................................44 - 46
കൃഷിക്കാരൻ.......................................................47 - 50
പുതുവർഷം.........................................................51 - 51

പ്രകൃതി........................................ 52 - 53

Fire and Ice........................................54 - 55

Life is precious........................................56 - 56

വസന്ത കാലം........................................57 - 59

Never give up........................................60 - 61

Life........................................62 - 63

തനിച്ചിരിക്കുമ്പോൾ........................................64 - 65

നെല്ലിമരം........................................66 - 77

വേര്........................................78 - 79

മരങ്ങൾ........................................80 - 81

ദി മാൻ ഫ്രം ടോറഡ്........................................82 - 92

വേട്ടക്കാരനും നാല് സുഹൃത്തുക്കളും...........93 - 95

Song of a Dream........................................96 - 98

കുമാരനാശാൻ........................................99 - 101

വീണപൂവ്........................................102 - 105

കുമാരനാശാന്റെ ജീവചരിത്രം....................106 - 108

ഇഷ്ട്ടങ്ങൾ........................................109 - 110

കാട്ടുപൂവ്........................................111 - 112

A Prayer in Spring........................................113 - 115

On Killing a Tree........................................116 –117

രാത്രി മഴ........................................119 - 123

മതിലേരിക്കന്നി........................................124 - 126

ഇതൾ വിരിയും സൗഹൃദം...........................127 - 128

കണ്ണൻ കാക്കയുടെ സങ്കടം..........................129 - 131
അതേ പ്രാർത്ഥന..........................................132 -134
If You Think You Can..................................135 - 136
The girl and the cat...................................137 - 139
ചിത്രങ്ങൾ......................................................148 - 153

## സ്കൂൾ കാമ്പസ്സിലൂടെ....................154


- ലിറ്റിൽ കൈറ്റ്സ്.........................................155 - 179
- ജെ. ആർ. സി.............................................180 - 181
- എൻ. സി. സി ..........................................182 - 182
- എസ്. പി. സി.............................................183 - 185
- നൂൺ മീൽ..................................................186 - 187
- സ്കൂൾ കൗൺസിലിങ്.................................188 - 188
- വാട്ടർ ബെല്ല്...............................................189 - 189
- പുസ്തകക്കൂട്................................................190 - 190
- സ്കൂൾ കലോത്സവം....................................191 - 198
- സ്കൂൾ ടൂർ...................................................199 - 200
- ആഘോഷ പരിപാടികൾ..............................201 - 204

# എന്റെ കേരളം




കേരളം എന്റെ ജന്മനാടാണ്.ഭാരതത്തിന്റെ തെക്കുപടിഞ്ഞാറെ അറ്റത്തായി സ്ഥിതിചെയ്യുന്ന ഹരിതമനോഹരമായ ഈ കൊച്ചുസംസ്ഥാനം പ്രകൃതി രമണീയവും സുന്ദരവുമായ ഒരു ഭൂപ്രദേശമാണ്. അതുകൊണ്ടുതന്നെയാണ് സസ്യശ്യാമള കോമളമായ ഈ നാടിനെ 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് സ്വദേശികളും വിദേശികളും ഒരുപോലെ വിശേഷിപ്പിക്കുന്നത്. ഇവിടെ ജനിച്ചുവളർന്ന എനിക്ക് വളരെയധികം സന്തോഷം പകർന്നു നൽകുന്ന ഒരു സംജ്ഞയാണ് ദൈവത്തിന്റെ സ്വന്തം നാട് എന്ന ഈ കേരളം.

കേരവൃക്ഷങ്ങൾ നൃത്തമാടുന്ന കടൽതീരങ്ങൾ,മനോഹരമായ കായൽപരപ്പ്, സസ്യശ്യാമളമായ മലയോരങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ

പരിമളം പരത്തുന്ന വനപ്രദേശങ്ങൾ, കളകളാരവം പുറപ്പെടുവിക്കുന്ന അരുവികളും, നീർച്ചാലുകൾ പക്ഷിസമൂഹങ്ങൾ, കാടുകളെയും, മലയോരങ്ങളെയും ഗംഭീരമാക്കുന്ന വന്യജീവികൾ!.... കണ്ണിനും കാതിനും മാത്രമല്ല മനസ്സിനും കുളിർമയേകുന്ന ഈ കാഴ്ചകൾ എന്റെ നാടിനെ കൂടുതൽ മനോഹരമാക്കുന്നു.കേവലം പ്രകൃതിഭംഗി മാത്രമല്ല എന്റെ ഈ കൊച്ചുനാടിന്റെ  മഹാത്മ്യം വിളിച്ചോതുന്നത്. പുരാതന കാലം മുതൽതന്നെ കലാ-കായിക-സാംസ്കാരിക മേഖലകളി്ൽ പുകൾപറ്റിനിന്നിരുന്നു  ഈ കൊച്ചുനാട്. കേരളത്തനിമ വിളിച്ചോതുന്ന കഥകളി,മോഹിനിയാട്ടം,ഓട്ടന്തുള്ളൽ എന്നീ കലാരൂപങ്ങൾ എന്നും വിദേശികൾക്ക് കൌതുകമാണ്. സാംസ്കാരിക രംഗത്ത് വളരെ മേന്മയേറിയ ഒരു ചരിത്രമാണ് ഈ കൊച്ചു നാടിനു അവകാശപ്പെടാനുള്ളത്. മിഷണറിമാരുടെ വരവോടെ വിദ്യാഭ്യാസം വളരെയധികം പരിപോഷിപ്പിക്കപ്പെട്ടു. ഇന്ന് ഈ സംസ്ഥാനം സാക്ഷരതയുടെ കാര്യത്തിൽ മുൻപന്തിയിൽ തന്നെയാണ്. പ്രശസ്ത എഴുത്തുകാരും കവികളും ഈ നാടിൻറെ പ്രശസ്തിയും അന്തസ്സും ഉയരങ്ങളിൽ എത്തിച്ചു. പ്രശസ്ത പ്രാചീന കവികളായ ചെറുശ്ശേരി,

കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ. ആധുനിക കവിത്രയങ്ങളായ

കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയവർ എന്നും എൻറെ

നാടിൻന്റെ അഭിമാനമാണ്.

സുഗന്ധ ദ്രവ്യങ്ങളുടെ കേതാരമായ എന്റെ കേരളനാടിന്റെ

സമ്പത്തി'ൽ ആകൃഷ്ടരായി പല രാജ്യങ്ങളിൽ നിന്നും വിദേശികൾ ഇവിടെ

തമ്പടിച്ചു. അവർ ഉണ്ടാക്കിയ വൈഷമ്യങ്ങളെ വീറോടെ ഈ നാട് നേരിട്ടു.

വേലുത്തമ്പി ദളവയും, പഴശ്ശിരാജയും, കുഞ്ഞാലിമരക്കാ'ർ, സാമൂതിരി തുടങ്ങിയ

വീരയോദ്ധാക്കളും എൻന്റെ നാടിൻന്റെ വീരഫ ഗാഥയിലെ തിളങ്ങുന്ന

നക്ഷത്രങ്ങളായി മാറി.മാനുഷരെല്ലാവരും ഏകോദര സഹോദരങ്ങളാണെന്നുള്ള

ബോധ്യം നമ്മുടെ മനസ്സിലുണ്ടാകും. ഈ പ്രത്യാശയിൽ ഞാൻ ഇപ്പോൾ മഹാകവി

വള്ളത്തോളിൻറെ ആ വരികൾ ഉച്ചത്തിൽ പാടട്ടെ:

"ഭാരതമെന്ന പേർ കേട്ടാലഭിമാനപൂരിതമാകണമന്തരംഗം,

കേരളമെന്നു കേട്ടാലോ തിളക്കണം ചോര നമുക്ക് ഞരമ്പുകളിൽ."

–അഭിനവ്.എ.എസ്
8C



# മനസ്സിന്റെ നന്മ

സുന്ദരമായ ഒരു ഗ്രാമം. അവിടെ തൊട്ടടുത്തടുത്തായി വീടുകൾ. അവിടെനല്ലവരായ ചില മനുഷ്യരും, അസൂയയും, കുശുമ്പും മാത്രം മനസ്സിൽ ഉള്ളവരും വസിക്കുന്നു. അതിൽ രണ്ടു വീടുകളിൽ താമസിക്കുന്ന വീട്ടമ്മമാർ വളരെ നല്ല സൗഹൃദത്തിൽ ആയിരുന്നു. അങ്ങനെയിരിക്കെപെട്ടെന്നൊരു ദിവസം തെറ്റിദ്ധാരണയുടെ പേരിൽ ഒരു വീട്ടിലെ വീട്ടമ്മ മറ്റേ വീട്ടുകാരിയോട് മിണ്ടാതിരിക്കുകയും അവളുടെ രണ്ടു മക്കളെകൊണ്ട് മിണ്ടിപ്പിക്കാതിരിക്കുകയും അതിനു പുറമെ ഭയങ്കര ശത്രുതഉണ്ടാകുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരു ദിവസം അവൾക്ക്ഭയങ്കരമായ ഒരു രോഗം പിടിപെട്ടു. ശരീരത്തിൽ നിന്നും ത്വക്ക് അടർന്നുപൊയ്കൊണ്ടിരുന്നു. ആദ്യം കാലുകളിൽ നിന്നും പിന്നെ മുഖത്തു നിന്നും. അങ്ങനെ ഒരു ആഴ്ച്ച ആയി. ഈ സമയം മറ്റേ വീട്ടമ്മ വെറുതെ വീട്ടുമുറ്റത്തേക്കിറങ്ങി. അപ്പോഴാണ് അവർ നടുക്കുന്ന ആ കാഴ്ചകണ്ടത്.തന്റെ കൂട്ടുകാരിക്ക് വന്ന അവസ്ഥ കണ്ട് അവർക്കു വളരെ വിഷമം ആയി. ശത്രുത ഒന്നും അവർ കാര്യമാക്കിയില്ല. അവർ അവളുടെ വീട്ടിൽ പോയി ഒരുപാട് സങ്കടപെട്ടു. അപ്പോൾ ശത്രുത പുലർത്തിയ അയൽകാരി തന്റെ ശത്രുത പോലും മറന്നു നിറ-

കണ്ണുകളോടെ തന്റെ വസ്ത്രം നീക്കി തന്റെ അവസ്ഥ കാണിച്ചു. ഈ സമയം അവളുടെ സഹോദരി വരുകയും അവളെ പേര് കേട്ട ആശുപത്രിയിൽ കൊണ്ട് പോയി മരുന്ന് മേടിക്കുകയും ചെയ്തു. പക്ഷെ അവർക്കു അവളെ കൂടെ നിർത്തി പരിചരിക്കാൻ കഴിയില്ലായിരുന്നു. അവർ അവളെ ഭർത്താവിന്റെ വീട്ടിൽ കൊണ്ട് വിടുകയും ചെയ്തു.എന്നാൽ അയൽകാരി ആയ വീട്ടമ്മ ചെല്ലുകയും ശത്രുത മറന്ന് അവളെ പരിചരിക്കുകയും ചെയ്യുന്നു. ഇത്രനാളും കൂടെ നിന്ന അവളുടെ മറ്റു കൂട്ടുകാരികൾ അറപ്പോടെ കണ്ട അവളെ ഈ വീട്ടമ്മ കുളിപ്പിക്കുകയും മരുന്ന് പുരട്ടി കൊടുകയും ചെയ്തു. ഒരാഴ്ച കൊണ്ട് ഭേതമായ അവൾക്കു ഈ വീട്ടമ്മയോട് സ്നേഹവും വല്ലാത്തൊരു അടുപ്പവും തോന്നുന്നു..

.ഇതിൽ നിന്നും നമുക്ക് മനസിലാക്കാൻ ഉള്ളത് കൊടുക്കുന്നത് മാത്രമേ തിരിച്ചുകിട്ടു. സ്നേഹം കൊടുത്താൽ അത് ഇരട്ടിയായി തിരിച്ചു കിട്ടും. എല്ലാവരോടുംസ്നേഹത്തോടെ പെരുമാറുക.

"അമ്മയാണ് ദൈവം. നന്മയാണ് ലോകം."



Fayas Muhammed
9C

# ചന്തമുള്ള പന്ത്



**മാമലയ്ക്കപ്പുറത്തെന്തു ചന്തം**
**മാനത്തുപൊന്തും മുഴുത്ത പന്ത്.**
**ആരോ കളിച്ചു തെറിച്ച പന്ത്**
**ആകാശത്തേറിയിരിപ്പതെന്ത്?**
**ഓരോ ദിവസവും തേഞ്ഞു പന്ത് ഒട്ടുമില്ലാതാവാൻ**
**കാര്യമെന്ത്?**



Harimurali
7.B

# പഴഞ്ചൊല്ലുകൾ

1.അധികമായാൽ അമൃതും വിഷം

2. ചൊട്ടയിലെ ശീലംചുടലവരെ

3. ഞാൻ പിടിച്ച മുയലിനു മൂന്ന് കൊമ്പ്

4. താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും

5. പല തുള്ളി പെരു വെള്ളം

6. വിദ്യാധനം സർവധനാൽ പ്രധാനം

7. സമ്പത്തു കാലത്ത് തൈ പത്തു വെച്ചാൽ ആപത്തു കാലത്ത് കാ പത്തു തിന്നാം

8. പയ്യെത്തിന്നാൽ പനയും തിന്നാം

9. നിറ കുടം തുളുമ്പില്ല

10. വിതച്ചതു കൊയ്യും

11. പാപി ചെല്ലുന്നിടം പാതാളം

12. നനഞ്ഞിടം കുഴിക്കരുത്

13. തീയിൽ കൊരുത്തതു വെയിലത്തു വാടില്ല

14. കണ്ടാലറിയാത്തവൻ കൊണ്ടാലറിയും

15. അമ്മയ്ക്ക് പ്രാണവേതന മകൾക്ക് വീണവായന

16. അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല

17. സദ്യ മറന്നാലും പട്ടിണി മറക്കില്ല

18. എറിഞ്ഞ കല്ലും പറഞ്ഞ വാക്കും തിരിച്ചെടുക്കാനാവില്ല

19. ഭൂമിയോളം താഴം ഭൂമിവിട്ട് താഴാനൊക്കുമൊ?

20. പുത്തനച്ചി പുരപ്പുറം തൂക്കും

21. പുകഞ്ഞ കൊള്ളി പുറത്ത്

22. പതിരില്ലാത്ത കതിരില്ല

23. പടപേടിച്ച് പന്തളത്ത് ചെന്നപ്പോൾ അവിടെ പന്തം കൊളുത്തി പട

24. തീ ഇല്ലാതെ പുകയില്ല

25. കയ്യൂക്കുള്ളവൻ കാര്യക്കാരൻ

26. കളിപ്പിച്ച് കളിപ്പിച്ച് കുട്ടിയില്ലാതായി

27. കാറ്റുള്ളപ്പോൾ പാറ്റണം28. കടലിൽ ചെന്നാലും നായ നക്കിയെകുടിക്കൂ

Devika.VS

9.D



# THE WANDERING BOY



Once upon a time, in a picturesque village  surrounded by rolling hills and meandering streams, lived a wandering boy named Oliver. Orphaned at ayoung age, he carried theweight of solitude on his shoulders as he traversed the windingroads and overgrownpaths that stretched beyond the village.

One fateful day, Oliver found himself following an elusive trail into the heart of a dense,ancient forest. As Oliver ventured deeper, a soft rustling sound drew him toward a hidden glade bathed in a warm, golden glow. To his amazement, a group of playful woodlandcreatures welcomed him with a chorus of cheerful chirps and fluttering wings. Rabbitshopped around, squirrels scurried, and a wise old owl observed the newcomer

with keeneyes.In this magical clearing, Oliver discovered a world where time seemed to stand still. Thewoodland creatures, sensing the loneliness that clung to him, embraced him into theirfold. Together, they explored the vast expanse of the forest, uncovering secret pathwaysand hidden treasures. Each day brought new adventures, and the glade became asanctuary of joy and camaraderie.The changing seasons painted the forest in a kaleidoscope of colors, mirroring the transformations within Oliver himself. The once-wandering boy found purpose in caring for his newfound friends, understanding the delicate balance of nature, and learning fromthe wisdom of the old owl. The forest became not just his refuge but a tapestry of life,woven with the threads of friendship and the melodies of the natural world.As time flowed like a gentle river, Oliver realized that happiness wasn't a distant goal but a journey woven with the threads of connection and shared experiences. The glade became a testament to the resilience of the human spirit and the healing power of nature.Years turned into memories, and the village once unaware of the wandering boy, came to know of the enchanting forest tale. Oliver, surrounded by the beauty of the natural worldand the warmth of his woodland companions, became a living legend in the village—a reminder that happiness can be found in unexpected places, and the true magic lies in the simple joys of life. And so, in the

heart of the forest, the wandering boy found a home and a family, forever cherishing the profound tale of a boy who discovered happiness in the embrace of nature and friendship .

Adhithyan.s
9B



# എന്റെ വിദ്യാലയം



തിങ്കളും താരങ്ങളും,

തൂവെള്ളിക്കതിർ ചിന്നും,

തുങ്കമാം വാനിൻ ചോട്ടിലാണെന്റെ വിദ്യാലയം

ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞ കരിവാനമിന്നതാ

ചിരിക്കുന്നു പാലൊളി ചിതറുന്നു

മുൾച്ചെടിത്തലപ്പത്തും പുഞ്ചിരി വിരിയാറുണ്ടച്ചെറു

പൂന്തോപ്പിലെ പനിനീരുരയ്ക്കുന്നു

മധുവിൻ മത്താൽ പാറി മൂളുന്നു മധുപങ്ങൾ മധുരമീ

ജീവിതം ചെറുതാണെന്നാകിലും

പരതർ കഷ്ട്ടപ്പാട്ടു പേറുമാ കല്ലത്താണി പറവൂ മഹത്വത്വം

പരസേവനം കാര്യം

ആരല്ലെൻ ഗുത്രുനാഥ...

രാരല്ലെൻ ഗുരുനാഥർ?

പാരിതീ ലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടേന്തോ.

Roshna
9D



# THE BROOK



I come from haunts of coot and hern,

I make a sudden sally,

And sparkle out among the fern,

To bicker down a valley.

By thirty hills I hurry down,

Or slip between the ridges,

By twenty thorps, a little town,

And half a hundred bridges.

Muhammad Adhil

9.C



# നായകൻ

ധാരാളം മരങ്ങളാലും ലതകളാലും

ചെടികളാലും മനോഹരമായ  പച്ചപ്പ് നിറഞ്ഞകാട് പക്ഷി

മൃഗാദികൾ യഥാഷ്ടം സഞ്ചരിച്ചിരുന്ന ആ കാട്ടിൽ ആ

സൂര്യ പ്രകാശം  വളരെ കുറവായിയരുന്നു എങ്കിലും

പക്ഷികളുടെ ചിലയ്ക്കലും അരുവികളുടെ കളകളാരവവും

സന്തോഷത്തിന്റെയും സമാധാനതിന്റെയും

പ്രതികമായോയിരുന്നു കടിനെ നായിക്കുവാൻ ശ്രേഷ്ട്ട

നയാ ഒരു മൃഗാരജാവുണ്ടായിരുന്നു.പക്ഷി മൃഗാദികളിൽ

പ്രായംചെന്നവരെ മാത്രമെ ഭക്ഷിക്കാവൂ എന്ന

ഒരു നിയമം മൃഗ

രാജാവ് വച്ചിരുന്നു.ആ നിയമം എല്ലാവരും

അംഗീകരിക്കുകയും ചെയ്തിരുന്നു.മൃഗരാജാവ് എല്ലാവർക്കും

പ്രിയങ്കരനായിരുന്നു. എന്നാൽ മൃഗരാജാവിന്

അസൂയലുക്കളായ രണ്ട് അനുജന്മാർ

ഉണ്ടായിരുന്നു.മൃഗരാജാവിന്റെരണ്ടുഅനുജന്മാർ

ക്കുമ്രാജാവകനം എന്നുള്ള അതിമോഹം

മനസ്സിൽ ഉണ്ടായിരുന്നു.മൂവരും ഒന്നിച്ചിരുന്നു ഇര തേടാൻ

പോയിരുന്നത്.അങ്ങനെ ഒരു ദിവസം അനുജന്മാരുടെ മനസിൽ

ഒരു ബുദ്ധി ഉദിച്ചു.അന്നേ ദിവസം ജേഷ്ഠന്റെ കൂടെ ഇര തേടാൻ

പോയില്ല .അനുജന്മാർ രണ്ടു പേരും ജ്യേഷ്ഠനെ കുടുക്കുവാനുള്ള

മാർഗങ്ങൾ ആലോചിച്ചു കൊണ്ടിരുന്നു.അങ്ങനെ ഇരുവരും

ചേർന്ന് കെണി തയ്യാറാക്കി.തിരികെ വന്ന ജ്യേഷ്ഠൻ ജെനിയിൽ

പെട്ടു.ഇതറിഞ്ഞ അനുജന്മാർക്ക് സന്തോഷമായി.

മൃഗരാജാവിന്റെ വീഴ്ചയിൽ ദുഖം അഭിനയിച്ചു മറ്റുള്ള മൃഗങ്ങളെ അറിയിച്ചിട്ടു വരാമെന്നു പറഞ്ഞു സ്ഥലം വിട്ടു.തന്നെ രക്ഷിക്കാൻ മനസ് കാണിക്കാത്ത സഹോദരങ്ങളെ ഓർത്തപ്പോൾ രാജാവിന് വിഷമം തോന്നി.എന്നാൽ അനുജന്മാർ തങ്ങളാണ് ഇനി രാജാവിന്റെ സ്ഥാനത്തു എന്നുംമൃഗരജാവ് കെണിയിൽ പെട്ടു മരിച്ചു പോയെന്നും മറ്റു മൃഗങ്ങളെ അറിയിച്ചു.എന്നാൽ സൂത്രശാലിയായ കാക്ക ഇതൊന്നും വിശ്വസിക്കാതെ മൃഗരാജാവിനെ അന്വേഷിക്കാൻ പുറപ്പെട്ടു.എന്നാൽ മറ്റുള്ള മൃഗങ്ങൾ എല്ലാം ഇത് വിശ്വസിക്കുകയുംചെയ്തു.

മൃഗരാജാവിന്റെ അനുജന്മാർ കാട്ടിലെ നിയമത്തിനു എതിരായി ഇല്ല മൃഗങ്ങളെയും ഉപദ്രവിക്കുകയും കൊന്നു തിന്നുകയും ചെയ്യാൻ തുടങ്ങി.ഇത് കാട്ടിലാകെ പ്രശ്നമായി. അപ്പൊഴേക്കും കാക്ക മൃഗരാജാവ് കെണിയിൽ പെട്ടു അവശനായി

കിടക്കുന്നത് കണ്ടു തങ്ങളുടെ മൃഗരാജാവിന്റെഅവസ്ഥയെല്ലാവരെയും

അറിയിക്കുകയും കൊമ്പനാനയുടെ നേതൃത്വത്തിൽ രാജാവിനെ രക്ഷിക്കുകയും ചെയ്തു.കുറച്ചു നാളത്തെ സുശ്രൂഷക്ക ശേഷം സുഖം പ്രാപിച്ചു .തങ്ങളുടെ അവസ്ഥ മൃഗങ്ങൾ രാജാവിനെ അറിയിക്കുകയും അനുജന്മാർക്ക് തക്കതായ ശിക്ഷ നൽകാൻ തീരുമാനിക്കുകയും ചെയ്തു.രാജാവ് തന്റെ സഹോദരങ്ങളുടെ ക്രൂരതയെ പറ്റി അറിഞ്ഞപ്പോൾ രണ്ടു പേരെയും കാട്ടിൽ നിന്നും പുറത്താക്കി.

ഗുണപാഠം: അവനവനു ലഭിച്ച പദവികൾ ദുരുപയോഗം ചെയ്യരുത്

Muhammad Arif Khan.M

9A



# HEALING FOREST



Come home to the forest

Where time goes slow

and the breath is mellow

Where thoughts find rest

and calm comes to nest

Come home to the woods

to be friends with trees

and listen to the breeze

to wander through trails

and mend our sails

Come home to nature

When your heart is hurting

or your soul needs healing

When something feels wrong

or you just need a place to belong

The forest awaitsCome home.

Be healed

Ananthitha Jijy

8.C



# സന്തുഷ്ട കുടുംബം



അവൻ ദുഃഖിതനായി ഒരു ദിവസം

ആരും കാണാതെ അവൻ വീട്ടിൽ നിന്ന് ഇറങ്ങി സ്വയം
അധ്വാനിച്ച് ഇഷ്ടമുള്ളത് വാങ്ങാമെന്ന് കരുതി അവൻ
എല്ലായിടത്തും ജോലി അന്വേഷിച്ചു പക്ഷേ അവൻ
വിചാരിച്ചത് പോലെ ഒരിടത്തും ജോലി ഒഴിവില്ലായിരുന്നു
അവൻ എന്ത് ചെയ്യണം എന്ന് അറിയാതെ റോഡ് സൈഡിൽ
തന്നെ നിന്നു അവനിപ്പോൾ അവൻറെ വീട് വിട്ട് ദൂരെയാണ്
ഒരുനേരത്തെ ഭക്ഷണം പോലും കിട്ടാതെ അവൻ
അവിടെനിന്നു അപ്പോൾ അതാ ഒരു അന്ധനായ വ്യക്തി

എങ്ങനെയോ നടന്ന് റോഡിൻറെ നടുവിലെത്തിയിരിക്കുന്നു

അവൻ അയാളുടെ അടുത്ത് പോയി അയാളെ കൂട്ടി റോഡ് സൈഡിൽ വന്നു അയാൾ പറഞ്ഞു നിനക്ക് നല്ലതേ വരു മകനെ എന്നെ വീട്ടിൽ എത്തിക്കാമോ എന്ന് അയാൾ ചോദിച്ചു പോക്കറ്റിൽ നിന്നും പൈസ എടുത്തു എൻറെ കയ്യിൽ തന്നു ഓട്ടോ വിളിച്ചു കയറ്റിച്ചു പത്തു മിനിറ്റ് പോകാനുള്ള ദൂരം അയാളുടെ വീട്ടിലെത്തിയപ്പോഴേക്കും അകത്തുനിന്ന് ഒരാൾ വന്നു അച്ഛൻ എന്തു പറ്റി അയാൾ ആകാംക്ഷയോടെചോദിച്ചു

അവൻ നടന്നതെല്ലാം പറഞ്ഞു നന്ദിയുണ്ട് അയാൾ

പറഞ്ഞു നിൻറെ പേര് എന്താണ് അവൻ പറഞ്ഞു അപ്പു സാറിൻറെ പേര് എന്താണ് അവൻ ചോദിച്ചു കണ്ടാൽ കോട്ടും സ്യൂട്ടും ഇട്ട ഒരു 30 35 വയസ്സ് പ്രായമുള്ള ഒരാൾ കുമാർ എന്നാണ് പേര് അവൻ പറഞ്ഞു സാർ എനിക്കൊരു ജോലി വേണം നടന്നതെല്ലാം അവൻ വിശദീകരിച്ചു നീ എന്തിനാണ് വീട് വിട്ടുവന്നത് നിന്നെ കാണാതെ നിൻറെ അച്ഛനമ്മമാർ എന്തുമാത്രം വിഷമിക്കുന്നുണ്ടെന്ന് അറിയാമോ ഇതൊക്കെ കേട്ടപ്പോൾ അവനെ കുറ്റബോധമായി ശരി ശരി നീ എവിടെയാണ് താമസിക്കുന്നത് അവൻ പറഞ്ഞു എനിക്കിപ്പോൾ താമസിക്കാൻ ഇടമില്ല സാർനീ ഇന്നുമുതൽ എന്റെ കൂടെ ഈ വീട്ടിൽ താമസിച്ചോളൂ നിനക്ക് ഞാൻ എൻറെ കമ്പനിയിൽ ജോലിയും തരാം ഇത് കേട്ടപ്പോൾ അവന് സന്തോഷമായി

അവൻ സന്തോഷത്തോടെ ജോലിയിൽ ജോയിൻ ചെയ്തു കാലങ്ങൾ കഴിഞ്ഞുപോയി ഒരു ദിവസം അപ്പുവിന് തന്റെ മാതാപിതാക്കളെ കാണണമെന്ന് ആഗ്രഹം തോന്നി ഒരു ദിവസം അവൻ വീട് കണ്ടുപിടിച്ചു തൻ്റെ മാതാപിതാക്കൾക്ക് ജോലിക്കൊന്നും പോകാൻ കഴിയാതെ വീട്ടിലാണ് എപ്പോഴും അവൻ വീട്ടിലേക്ക് കയറി പണ്ടത്തേതുപോലെ തന്നെ വീടിൻ്റെ ഭിത്തിയിൽ അവൻ്റെ ഫ്രെയിം ചെയ്ത ഫോട്ടോ അവനത് കണ്ടപ്പോൾ അച്ഛനും അമ്മയും അവനെ കണ്ടപ്പോൾ കഴിയുന്നതുപോലെ എഴുന്നേറ്റ് മകൻ്റെ അടുത്തേക്ക് ചെന്നു. നിന്നെ കാണാതെ എന്തുമാത്രം ഞങ്ങൾ വിഷമിച്ചു. അറിയാമെന്നെ ഞാൻ ചെയ്ത തെറ്റായിപ്പോയി ഇനി ഒരിക്കലും നിങ്ങളെ വിട്ടു ഞാൻ എങ്ങും പോകില്ല അപ്പോൾ ഒരു കുടുംബം അവർ സന്തോഷമായി ജീവിച്ചു കൊണ്ടിരിക്കുന്നു ഒരു ദിവസം അവനൊരു മൊബൈൽ വാങ്ങണം എന്ന് ആവശ്യം അമ്മയോട് പറഞ്ഞു പറ്റില്ല എന്ന് അമ്മ പറഞ്ഞു അത് കേട്ട് അവൻ ദുഃഖിതനായി ഒരു ദിവസം ആരും കാണാതെ അവൻ വീട്ടിൽ നിന്ന് ഇറങ്ങി സ്വയം അധ്വാനിച്ച് ഇഷ്ടമുള്ളത് വാങ്ങാമെന്ന് കരുതി അവൻ എല്ലായിടത്തും ജോലി അന്വേഷിച്ചു പക്ഷേ അവർ വിചാരിച്ചതുപോലെ ഒരിടത്തും ജോലി ഒഴിവില്ലായിരുന്നു അവൻ എന്ത് ചെയ്യണം എന്ന് അറിയാതെ റോഡ് സൈഡിൽ

തന്നെ നിന്നു. അവൻ ഇപ്പോൾ അവന്റെ വീട് വിട്ട് ദൂരെയാണ് ഒരുനേരത്തെ ഭക്ഷണം പോലും കിട്ടാതെ അവൻ അവിടെ നിന്നു. അപ്പോൾ അത് അന്ധനായ വൃക്തി എങ്ങനെയോ നടന്ന റോഡിൻറെ നടപലെത്തിയിരിക്കുന്നു അവൻ അയാളുടെ അടുത്ത് ചെന്ന് അയാളെ കൂട്ടി റോഡ്സൈഡിൽ വന്നു.

അയാൾ പറഞ്ഞു നിനക്ക് നല്ലതേ വരൂ മകനെ എന്നെ വീട്ടിൽ എത്തിക്കാമോ അയാൾ ചോദിച്ചു എന്ന് പറഞ്ഞ് പോക്കറ്റിൽ നിന്നും പൈസ എടുത്തു എൻറെ കയ്യിൽ തന്നു ഓട്ടോ വിളിച്ചു

കഴിച്ച് 10 മിനിറ്റ് പോകാനുള്ള ദൂരം അയാളുടെ വീട് എത്തിയപ്പോഴേക്കും അകത്തുനിന്ന് ഒരാൾ വന്നു അച്ഛൻ എന്തു പറ്റി അയാൾ ആകാംക്ഷയുടെ ചോദിച്ചു അവൻ നടന്നതെല്ലാം പറഞ്ഞു നന്ദിയുണ്ട് അയാൾ പറഞ്ഞു നിൻറെ പേര് എന്താണ് അവൻ പറഞ്ഞു അപ്പു സാറിൻറെ പേരെന്താണ് അവൻ ചോദിച്ചു കണ്ടാൽ കോട്ടും സ്യൂട്ടും ഇട്ട ഒരു 30 35 വയസ്സ് പ്രായമുള്ള ഒരാൾ കുമാർ എന്നാണ് പേര് അവൻ പറഞ്ഞു സാർ എനിക്കൊരു ജോലി വേണം നടന്നതെല്ലാം അവൻ വിശദീകരിച്ചു. നീ എന്തിനാണ് വീടുവിട്ട് വന്നത് നിന്നെ കാണാതെ നിൻറെ അച്ഛനമ്മമാർ എന്തുമാത്രം

വിഷമിക്കുന്നുണ്ടെന്ന് അറിയാമോ ഇതൊക്കെ കേട്ടപ്പോൾ അവനെ കുറ്റബോധമായി ശരി ശരി നീ എവിടെയാണ് താമസിക്കുന്നത് അവൻ പറഞ്ഞു എനിക്കിപ്പോൾ താമസിക്കാൻ ഇടമില്ല സാർ നീ ഇന്നുമുതൽ എൻറെ കൂടെ ഈ വീട്ടിൽ താമസിച്ചോളൂ ഇത് കേട്ടപ്പോൾ സന്തോഷമായി അവൻ സന്തോഷത്തോടെ ജോലിയിൽ ജോയിൻ ചെയ്തു കാലങ്ങൾ കഴിഞ്ഞുപോയി ഒരു ദിവസം അപ്പുവിന് തൻറെ മാതാപിതാക്കളെ കാണണമെന്ന് ആഗ്രഹം തോന്നി ഒരു ദിവസം അവൻ വീട് കണ്ടുപിടിച്ചു തന്റെ മാതാപിതാക്കൾ ജോലിക്കൊന്നും പോകാൻ കഴിയാതെ വീട്ടിലാണ് എപ്പോഴും അവൻ വീട്ടിലേക്ക് കയറി പണ്ടത്തെതു പോലെ തന്നെ വീടിൻറെ ഭിത്തിയിൽ അവൻറെ ഫ്രെയിം ചെയ്ത ഫോട്ടോ അവന് അത് കണ്ടപ്പോൾ കണ്ണ് നിറഞ്ഞു അച്ഛനും അമ്മയും അവനെ കണ്ടപ്പോൾ കഴിയുന്നതുപോലെ എഴുന്നേറ്റ് മകൻറെ അടുത്തേക്ക് ചെന്നു. നിന്നെ കാണാതെ എന്തുമാത്രം ഞങ്ങൾ വിഷമിച്ചു. അറിയാമമ്മേ ഞാൻ ചെയ്തത് തെറ്റായിപ്പോയി. ഇനി ഒരിക്കലും നിങ്ങളെ വിട്ടു ഞാൻ പോകില്ല അപ്പോൾ അവനെ തിരഞ്ഞു കുമാർ വന്നു കുമാറിനെ അപ്പു പരിചയപ്പെടുത്തി സ്വന്തം മകനെ

ജോലി കൊടുത്തു സഹായിച്ച കുമാറിനെ അവർ സന്തോഷത്തോടെ നന്ദി പറഞ്ഞുഅവരുടെ വീട്ടിലേക്ക് പുതിയ ഒരു അതിഥി കൂടി.ഇപ്പോൾ ഒരു കുടുംബം. അവർ സന്തോഷത്തോടെ ജീവിച്ചു കൊണ്ടിരിക്കുന്നു..

Fayas Muhammad
9E



# മഴ



വിണ്ണിൽകരിമേഘങ്ങൾ കൈകോർക്കുമ്പോൾ

എന്നിൽ പ്രതീക്ഷകൾ ഉയരുന്നു.

തണുത്ത കാറ്റിന്റെ മൂളലുകൾ എന്നിൽ

കുളിരു കോരി ചൊരിയുന്നു.

തുടി കൊട്ടു കേൾക്കുന്ന വാനിൽ നിന്ന്

ഭൂമിയിലേക്ക് വരുന്ന മഴ യുടെ സംഗീതം

എന്റെ ഓർമ്മകളെ തൊട്ടുണർത്തുന്നു.

Ibrahim.A
7.B



# സന്തോഷം ഒരു വീട്

അച്ഛൻ അമ്മ അവർക്ക് ഒരു മകൻ ജനിച്ചു

അവൻറെ പേര് പപ്പു എല്ലാവർക്കും പപ്പുവിനെ വളരെ

ഇഷ്ടമായി ,പക്ഷേ പപ്പു എപ്പോഴും മൊബൈലിനും

വീഡിയോ ഗെയിംസിനും അടിക്ടായിരുന്നു.

ഇത് അച്ഛനും അമ്മയ്ക്കും ഇഷ്ടമല്ലായിരുന്നു തൻറെ കുട്ടി

മറ്റുള്ള കുട്ടികളെപ്പോലെ കളിക്കണം മറ്റുള്ളവരുമായി

സഹകരിക്കണം  എന്നൊക്കെ ഇഷ്ടപ്പെട്ടു അവനോട്

എല്ലാദിവസവും ഇത് ശെരിയല്ലാ എന്ന് അവർ

പറയുമായിരുന്നു ,പക്ഷേ അവൻ അവരെ ധിക്കരിച്ചു

അവൻ അങ്ങനെ തന്നെ തുടർന്നു പ്രായം കൂടി

വന്നപ്പോഴും അവൻ അവൻ്റെ ജീവിതത്തിൽ ഒരു

മാറ്റവും വരുത്തിയില്ല

ഒരു ദിവസം വീട്ടിൽ അച്ഛനും അമ്മയും ഇല്ലായിരുന്നു

പപ്പു

അവിടെ ഒറ്റക്കായിരുന്നു ,അവൻ പുറത്തേക്കിറങ്ങി

നല്ല സുന്ദരമായ കാറ്റ് അവൻ്റെ മുഖത്ത് വീശി

അവൻ പുറത്തേക്കിറങ്ങി നോക്കി പൂന്തോട്ടങ്ങൾ

അവൻ വീടിന് വെളിയിൽ ഇറങ്ങി പൂന്തോട്ടത്തിൻ്റെ

അരികിൽ നിന്നു .ഒരാൾ അവിടെ ജോലി ചെയ്യുന്നത്

അവൻ കണ്ടു നിങ്ങളെന്താണ് ചെയ്യുന്നത് പപ്പു ചോദിച്ചു

"ഞാനിവിടെ പുതിയ ചെടികൾ വെച്ചുപിടിപ്പിക്കാൻ

പോവുകയാണ് ".എന്നെ സഹായിക്കുമോ എന്ന് അയാൾ

ആവശ്യപ്പെട്ടു പക്ഷേ പപ്പുവിൻ്റെ മനസ്സ് അതിന്

സമ്മതിച്ചില്ല അവൻ അയാളോട് ചോദിച്ചു എല്ലാ

ദിവസവും ഇവിടെ നിന്ന് ജോലി ചെയ്യുകയാണോ

ചെയ്യുന്നത്, "അതേ" അയാൾ പറഞ്ഞു

അവൻ ഉടൻതന്നെ അടുത്ത് കിടന്ന തൂമ്പ എടുത്തു

കുഴിച്ചു

അങ്ങനെ പപ്പു അന്നുമുതൽ ഒരു ജോലി ചെയ്യുന്നു

അമ്മയ്ക്കും അച്ഛനും

സന്തോഷമായി . മകൻറെ ഈ പ്രവർത്തി കണ്ട് അവർ

സന്തോഷിച്ചു വളരെയധികം സന്തോഷിച്ചു പിന്നീട്

അങ്ങനെയായിരുന്നില്ല അവനവൻറെ കാര്യങ്ങൾ

സ്വയം നോക്കി മറ്റുള്ളവരെ സഹായിച്ചു

വിഘ്നേശ്വർ. ബി.എസ്
VIII. D



# സൗന്ദര്യലഹരി

-ചങ്ങമ്പുഴ

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്രകാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനർഘമായിട്ടും
ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!
പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും;
വാനിലുല്ലസിച്ചീടും വാർമതിയൊഴുക്കുന്ന

പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;-

എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു ള്ളെന്തും,

ഹാ! ജീവിതത്തെ മധുരിപ്പിച്ചീടുന്നു!

കുളിർത്ത മണിത്തെന്നൽ സൗരഭോന്മാദം പൂണ്ടു

തളിർത്ത തരുക്കളെത്തഴുകിത്തളരവേ;

അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-

ത്തൻതിരകളാൽ താളംപിടിച്ചു പാടിപ്പാടി

പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-

യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവേ;

മരന്ദംതുളുമ്പുന്ന മലരിൻ ചുറ്റുംകൂടി മൂളും

തേനീച്ചകൾ പറന്നുകളിക്കവേ;

വല്ലികാനടികൾ നൽ പല്ലവാകുലമായ

ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ,

അറിയാതവരോടുകൂടി നമ്മളു, മേതോ

പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.

ഈവിധം മനോഹരവസ്തുക്കളെല്ലാം, നമ്മെ-

"ഇജ്ജീവിക്കു, ജീവിക്ക"കെ,ന്നുദ്ബോധിപ്പിപ്പൂ നിത്യം.

ദേവിക മോഹൻ

9.C



# കൃഷിക്കാരൻ



പണ്ട് ഒരു കൃഷിക്കാരൻ ഉണ്ടായിരുന്നു. അയാൾ നന്നായി പണിചെയ്യു മായിരുന്നു. അധ്വാനം കൊണ്ട് നല്ല വിളവെടുക്കാൻ അയാൾക്ക് കഴിഞ്ഞു. അതുകൊണ്ട് അയാൾ സമ്പന്നനായി. വയലിൽ പണി യെടുക്കാൻ ജോലിക്കാരെ വച്ചു. കൂടെ അയാളും പണി യെടുക്കുന്നതു കൊണ്ട് അവരെക്കൊണ്ട് ജോലി ചെയ്യിക്കാൻ അയാൾക്ക് വിഷമമുണ്ടായില്ല. അങ്ങനെ അയാൾ സമ്പന്നനായി. പ്രായമായപ്പോൾ അയാൾ വിചാരിച്ചു. ഇനി കുട്ടികളെക്കൊണ്ട് കൃഷി നടത്തിക്കാൻ കഴിയുമെന്ന്. അയാൾ അവരെ വിളിച്ച് കാര്യം പറഞ്ഞു.അവർക്ക് പക്ഷേ

അത് അത്ര സമ്മതമായില്ല, കാരണം അവർക്ക് പണിയെടുത്ത് ഒട്ടും ശീലമില്ലായിരുന്നു. ചേറിൽ ഇറങ്ങാൻ മടിച്ച അവർ വരമ്പത്ത് തന്നെ നിന്നു. പണിക്കാർ മടിയന്മാരായി. വയലിൽ വിളവ് കുറഞ്ഞു. ക്രമേണ ആ കൃഷിക്കാരന്റെ സമ്പത്ത് ക്ഷയിച്ചു. അയാൾ രോഗിയുമായി. എന്നിട്ടും കുട്ടികൾ അധ്വാനിക്കാൻ തയാറായില്ല. അവരെ നേർവഴിക്ക് കൊണ്ടുവരാൻ തനിക്ക് കഴിഞ്ഞില്ല എന്ന് അയാൾ വിഷമിച്ചു. തീരെ വയ്യാതായപ്പോൾ ഒരു ദിവ അയാൾഅവരെ വിളിച്ച് പറഞ്ഞു:"ഒരുകാര്യം ഞാൻ പറയാം അത് പാലിക്കുന്നതിൽ ഒരു വീഴ്ച്ചയും വരരുത്. നിങ്ങൾ രണ്ടാളും മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കണം. ഒരിക്കലും നിന്നു കുളിക്കരുത്. ഇരുന്ന് ഉണ്ണരുത്. കിടന്നുറങ്ങരുത്." അവർ പതിവുപോലെ തലയാട്ടി അച്ഛൻ ഈ പറഞ്ഞതിന്റെ അർത്ഥമെന്തെന്ന് ആലോ ചിച്ചുപോലുമില്ല. വിശദീകരിച്ചു കൊടുക്കാൻ കഴിയുംമുമ്പ് കൃഷിക്കാരൻ മരിച്ചു പോയി. താമസിയാതെ ദാരിദ്ര്യംകൊണ്ട് മക്കൾ

വിഷമിക്കാൻ തുടങ്ങി. അപ്പോഴാണ് അച്ഛൻ അവസാനമായി പറഞ്ഞ കാര്യം അവർ ഓർത്തത്. അവർ അത് അക്ഷരംപ്രതി നടപ്പിലാക്കാൻ ശ്രമിച്ചു. പ്രയാസമായിരുന്നു. എങ്കിലും ഇരുന്ന് കുളിക്കാനും നിന്നുകൊണ്ട് ഭക്ഷണം

കഴിക്കാനും അവർ ശീലിച്ചു. പക്ഷേ കിടക്കാതെ എങ്ങനെ ഉറങ്ങാൻ കഴിയും.

ഉറക്കം നഷ്ടപ്പെട്ട അവർ പാതി ജീവൻ പോയവരായി.

അപ്പോഴാണ് അവർ തങ്ങളെ പഠിപ്പിച്ച അധ്യാപ കനോട്

അച്ഛൻ പറഞ്ഞതിൻ്റെ അർത്ഥം അന്വേഷിച്ചത്. അവ രുടെ ദയനീയമായ നില കണ്ട് അദ്ദേഹം ദയാപൂർവം

വിശദീകരിച്ചു: "നിങ്ങൾക്ക് പിഴച്ചു. കുളക്കരയിൽ

ചെന്നാൽ മടിച്ചു നിൽക്കരുത് എന്നും ഇരുന്നി രുന്ന്

ആവശ്യത്തിലേറെ ഭക്ഷിക്ക രുത് എന്നും ഉറക്കംവന്നേ

കിടക്കാവൂ എന്നും മാത്രമാണ് അദ്ദേഹം ഉദ്ദേശിച്ചത്.

മടി യന്മാരായ നിങ്ങൾക്ക് ഒന്നും നേരെചൊവ്വേ

മനസ്സിലായില്ല." കിട്ടിയ അവർ അതിൽപ്പിന്നെ

മടികൂടാതെ പണിതു, നന്നായി വിളയിച്ചു, സുഖമായി

ജീവിച്ചു. എന്തു പാഠവും പഠിക്കുക എന്നാൽ നന്നായി ആലോചിച്ച് ശരിയായ സാരം അറിയുക എന്നാണ് അർത്ഥം.

Adhithya
8D



# പുതുവർഷം

– വിജയലക്ഷ്മി

അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു-

മില്ലാതിരുന്നൊരാപ്പോയ കാലം,

മാവേലി നാടുവാണീടും കാലം പാടി -

പ്പൂനുള്ളിപ്പോയ പോന്നോണക്കാലം,

ദേവിതൻ കോവിലിൽ, കുഞ്ഞുടുപ്പിട്ടാ ഞാ-

നോരോ പടികളെണ്ണിക്കേ റുംന്നേരം,

കുപ്പുക കുഞ്ഞിക്കൈയെ ങ്കിൽകരിവള

കാപ്പാകുമെന്നമ്മ ചൊന്നകാലം,

പുസ്തകസഞ്ചിയിൽകൊച്ചുനെല്ലിക്കയും

പച്ചപുളിയുമൊളിച്ച കാലം, ആക്കാലം പൂക്കളം

തീരത്തോർക്കുന്നു ഞാൻ

നിശ്ചയമമ്മയോടൊത്തുതന്നെ

മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ -

ടൊപ്പമെന്നമ്മയും തുമ്പപോലെ

# പ്രകൃതി



ഇരുളിൽ മറന്നിക്കി

ഉഷസ് ഉണരുമ്പോൾ

നമ്മിൽ ഉണരുന്നു

പുത്തു പുത്തൻ പുലരിയും

ഒരോ പുലരപുലരിയും

ഒരോ പരിയും ഒരോരോ

പ്രതിക്ഷകൾ നൽകിട്ടുന്നു

ഓരോ പ്രതീക്ഷയും

ഓരോരോ വസന്തമായി മാറിട്ടും

ഓരോ വസന്തവും

പുതുപുത്തൻ കാഴ്ച്ചകൾ നൽക്കും

ഇത്ര സുന്തരമാം കാഴ്ച്ചകൾ നൽകിട്ടും

എന്നമ്മയെ വണങ്ങുവാൻ ഞാനെന്നന്നും

നിയല്ലേ അമ്മയും പ്രകൃതിയും

നിയല്ല പ്രപഞ്ച സൃശ്ട്ട്രിയും

പ്രകൃതിയാം അമ്മയെ കാത്തിടാം നമ്മുക്കെന്നും

നന്മയുള്ളൊരു നല്ലൊരു നാളയും

Najma.N
8.D



# Fire and Ice



Some say the world will end in fire,

Some say in ice.

From what I've tasted of desire

I hold with those who favor fire.

But if it had to perish twice,

I think I know enough of hate

To say that for destruction

ice Is also great

And would suffice.

Adithyan Prakash

9.C



# Life

Life Is Precious

The gracefulness of a butterfly,

How gentle, and fragile they seem.

Gently fluttering, on a calm summers day,

Floating like, a dream.

But sadly, there time is over,

Hardly before it's begun.

So enjoy your special moments,

Like a butterfly, In the sun.

By John Read 10 Jan 2012.

Arjun Prakash
9C

# വസന്തകാലം



**ഇളം വെയിലിൽ തത്തി-**

**കളിച്ചൊരു ചെറുകിളിക്കൂട്ടം**

**എന്നുമെൻ മുറ്റത്തെത്തുന്ന വിരുന്നുകാർ**

**ആയിരുന്നു!ഒട്ടും നിനച്ചിരിക്കാത്ത നേരത്ത്**

**കാർമേഘം ഇരുണ്ടു മൂടി!**

**കാലം തെറ്റി കലിതുള്ളി**

**എങ്ങുനിന്നോവന്നൊരു പെരുമഴയും!**

**കാതുപൊട്ടുമാറു [illegible]**

എന്റെ മുറ്റത്ത്പൂത്തുലഞ്ഞു-

നിന്നൊരു മരച്ചില്ലയും

എടുത്തുകൊണ്ടൊരു കൊടുങ്കാറ്റും!

എന്റെ കണ്ണിനു മനസ്സിനും

കുളിർമയേകാൻ മാത്രമായി

വന്നിരുന്നൊരു ചെറുകിളിക്കൂട്ടവും

പെട്ടെന്നെങ്ങോ എന്നെ തനിച്ചാക്കി പോയി മറഞ്ഞു!

പൂവിൻ ഇതളിൽ നിന്നും

തേൻ നുകരും നേരവും

കള്ളകണ്ണാൽ എന്നെ നോക്കുന്ന-

എൻ കിളികുഞ്ഞുങ്ങൾ എവിടേ-

യെന്നു ഞാൻ പരതി!

ഇനിയെന്നു കാണുമെൻ ചെറുകിളി കൂട്ടത്തെ!

ആ കിളി നാദം കേൾക്കാൻ

ഞാൻ കാതോർത്തിരിക്കും

ഇനിയെന്നു കാണുമെൻ ചെറുകിളി കൂട്ടത്തെ!

ആ കിളി ന... കേ...

ഞാൻ കാതോർത്തിരിക്കും!

വീണ്ടുമൊരു പുലർകാല രാവിൽ

എൻ ജനാലകൾക്കിടയിലൂടെ

എന്റെ ഉള്ളിൽ കുളിർമഴ-

പെയിച്ചു കൊണ്ടൊരു ഇളംവെയിലും!

വീണ്ടുമെനിക്കൊരു വസന്തകാലം

ഞാനറിയാതെ വന്നു ചേർന്നു!

ആ കിളി കൊഞ്ചൽ എൻ-

കാതിൽ കുളിർമഴയേകി!


ഞാനറിയാതെ ആ ഇളം

വെയിലിൽ അലിഞ്ഞു ചേർന്നു!!!!!!

Jubin Joy
9C



# Never Give up...




If I made a mistake

Then I would have to retake,

And do it once again

Even feel the pain

But there also lays a prize

And that made me realise that,

Even I was to fail,

It would be a learning trail.

If I hope for medals and cups
I just can't rely on luck,
I must do hard work,
To show the world my worth.

That is the ESSENCE OF NEVER GIVING UP...

Noor Nathasha
9C



# Our Life



Life is an opportunity,

benefit from it

Life is beauty, admire it

Life is a dream, realize it

Life is a challenge, meet it

Life is a duty, complete it

Life is a game, play it

Life is a promise, fulfill it

Life is sorrow, overcome it

Life is a song, sing it

Life is a struggle, accept it

Life is a tragedy, confront it

Life is an adventure, dare it

Life is luck, make it

Life is too precious,

do not destroy it

Life is life, fight for it

Agustin



# തനിച്ചിരിക്കുമ്പോൾ

തനിച്ചിരിക്കുമ്പോൾ

ഓർമ്മകൾ വെട്ടിത്തെളിച്ച

വീഥി താണ്ടി

ഞാനൊരു യാത്ര പോകും

യാത്രയിലുടനീളം

നഷ്ടപ്പെട്ടതെല്ലാം വീണ്ടും

ഓരോന്നായി കൂടെ കൂട്ടും

യാത്രയുടെ അവസാനം

ഞാൻമറവിയുടെ മഞ്ഞുമൂടിയ

താഴ്വാരങ്ങളിലെത്തിച്ചേരും

കടന്ന് കാലങ്ങളെ

പൊതിഞ്ഞ മഞ്ഞിൽ

മറഞ്ഞു പോയ സ്വപ്നങ്ങളെ

ഓരോന്നായി ഞാൻ

ഓർത്തെടുക്കുന്നു

പിന്നെ വീണ്ടും

ഓർത്തെടുത്ത സ്വപ്നങ്ങളെ

യാഥാർഥ്യമാക്കാനായി

ഞാൻ

തനിച്ചാണെന്ന ദുഃഖം

മറന്നു തിരികെ നടക്കും

Devika S Pillai
9A



# നെല്ലിമരം




അരുൺ തന്റെ കണ്ണുകൾ തുറന്നു. തൊട്ടുത്ത ജനാലയിലൂടെ പുറത്തേക്ക് നോക്കി. വീടുകൾ, ആകാശം, തന്റെ പ്രിയപ്പെട്ട നെല്ലിമരം. കിളികളുടെ കലപില. അവൻ കുറച്ചു നേരം ശബ്ദം ശ്രദ്ധിച്ചു കിടന്നു. പെട്ടെന്ന് ചാടിയെഴുന്നേറ്റ് മുറ്റത്തേക്കോടി. പടികൾ കഴിഞ്ഞപ്പോൾ ഇടത്തോട്ട് തിരിഞ്ഞ് കാർ

ഷെഡിലേക്ക് പോയി. എന്നാൽ അവന്റെ കണ്ണുകൾ പുതിയ മാരുതി സുസുക്കി സ്വിഫ്റ്റ് കാറിലല്ലായിരുന്നു. അവ കാറിനു മുകളിലെ ചെറിയ കമ്പിയിൽ തൂങ്ങിക്കിടക്കുന്ന ഒരു കിളിക്കൂട്ടിലേക്ക് ഇമ ചിമ്മാതെ നോക്കിയിരുന്നു. കാറ്റത്ത് ചെറിയ ആ കൂട് ചെറുതായ് ആടുന്നുണ്ടായിരുന്നു. ചെറിയ ഒരു പക്ഷി ഒച്ചവെച്ചുകൊണ്ട് കാറിനു മുകളിൽ നിലയുറപ്പിച്ചു. തിളങ്ങുന്ന കറുത്ത ശരീരം, കഴുത്തിനു ചുറ്റും രത്നമാല പോലെ കാണപ്പെടുന്ന ചുവന്ന വളയം, നീണ്ട കറുത്ത കൊക്ക്. കൊക്കിനെക്കാൾ വലിയ നാവ് പുറത്തു വന്നു കൊണ്ടിരുന്നു. മുളിക്കുരുവിയുടെ രൂപം. നിർത്താതെ ചലിച്ചു കൊണ്ടിരുന്നപ്പോൾ കഴുത്തിലെ

മാണിക്യമാല തിളങ്ങി. എന്നാൽ വന്നതുപോലെ അത്

തിരികെ പറന്നുപോയി. കാരണം അതുണല്ല, അവന്റെ

അമ്മയാണ്."എന്താ ഇവിടെ നിൽക്കുന്നത്?

അടുക്കളേന്ന് സ്വന്തമായി ചായയെടുത്ത് കുടിച്ചൂടെ?"

രാവിലെ ആറുമണിയായിട്ടും താൻ പല്ലുതേച്ചിട്ടില്ല എന്ന്

അമ്മഅറിയുന്നതിലും ഭേദം ഇതാണെന്ന് മനസ്സിൽ

വിചാരിച്ച് അവൻ തിരികെ നടന്നു. പടിക്കൽ

എത്തിയപ്പോൾ വിട്ടു പറമ്പിലെ തൻ്റെ പ്രിയപ്പെട്ട

നെല്ലിമരത്തിന് പ്രത്യേകം ഒരു നോട്ടം നൽകി. പിന്നേ

കൂട്ടിലേക്കൊന്ന് തിരിഞ്ഞു നോക്കി.

താൻ മുമ്പ് കണ്ടത് ആൺ കിളിയെയാണ്. എന്നാൽ

ഇപ്പോൾ കൂട്ടിലേക്ക് പറന്നിറങ്ങിയത് പെൺ തേൻ

കിളിയാണ് എന്ന് അവനറിയാം. അവയ്ക്ക് ഒരു തരം

മങ്ങിയ മഞ്ഞ തൂവലുകളാണ് ഉള്ളത്.

തൻ്റെ കൂടെ ഇവയെ നിരീക്ഷിക്കാൻ വേറാരുമില്ല

എന്ന് അരുൺ ഓർത്തു. എത്ര ഭംഗിയാണ് ഇവയ്ക്ക്.

എന്നും രാവിലെ വിളിച്ചുണർത്തുന്നത് ഈ പക്ഷി

കളൊക്കെ തന്നെയല്ലേ. എന്നിട്ട് അവയെ ഒന്നു നോക്കി

നിരീക്ഷിക്കാൻ തോന്നുക പോലുമില്ല ഇവിടുള്ളവർക്ക്.

ഇതിനൊന്നും സമയമില്ല എന്നാണ് ന്യായം. ഈ

മനോഭാവത്തെക്കുറിച്ച് അച്ഛനോട് സീരിയസായി

സംസാരിക്കുകയായിരുന്നു. ഇന്നലെ അരുൺ. അച്ഛൻ

അപ്പോൾ മുറിയിലെ ഷെൽഫിന്റെ മുകളിൽനിന്ന്

'വീട്ടിലെ വിരുന്നുകാർ' എന്ന പുസ്തകം എടുത്തു

തന്നതേയുള്ളൂ. 'എന്നെ ഒന്നു വെറുതെ വിടടാ' എന്ന

ഭാവത്തിൽ!പറഞ്ഞിട്ട് കാര്യമില്ല എന്ന് മനസ്സിൽ പറഞ്ഞു

കൊണ്ട് അവൻ തന്റെ മുറിയിലേക്ക് പോയി. സത്യം

പറഞ്ഞാൽ അരുണിന് 'വീട്ടിലെ വിരുന്നുകാർ'

ആവശ്യമില്ല. അവൻ സംസാരിക്കുന്നത് വിരുന്നുകാരെ

കുറിച്ചല്ല. അയൽവാസികളേയും നാട്ടുകാരെയും കുറിച്ചാണ്.

കാക്കയെയും മൈനയെയും മറ്റും വിരുന്നുകാരായി

സങ്കൽപിക്കാമോ!ഇങ്ങനെയെല്ലാം ചിന്തിച്ചിരിക്കു

മ്പോഴാണ് താൻ ഇന്നലെ

പുസ്തകം വായിച്ച നേരത്ത് എഴുതേണ്ടിയിരുന്ന

ഹോംവർക്കിനെ കുറിച്ച് ഓർമ്മവന്നത്. പിന്നെ എല്ലാം ഒരു സൂപ്പർ ഫാസ്റ്റ് ബസ്സിൽ എന്ന പോലെയായിരുന്നു. എന്തായാലും അവസാനം അവൻ സ്കൂളിലെത്തി.

തിരികെ നടന്നു വരുന്ന വഴി വീട്ടുപറമ്പിലെ നെല്ലി മരത്തേക്ക് അരുൺ പ്രതീക്ഷയോടെ നോക്കി. നെല്ലിക്ക സീസണല്ല. ആയാലും എന്താണ് കാര്യം? എന്നാൽ അവന്റെ കണ്ണുകൾ പരതിയത് ഇലയനക്കത്തിനു വേണ്ടിയാണ്. ഒരു നിമിഷം കഴിഞ്ഞപ്പോൾ തന്നെ ഒരു പച്ച പറവ പെട്ടെന്ന് വന്ന് മരത്തിന്റെ ഏറ്റവും മുകളിലെ ചില്ലയിലിരുന്നു. അവൻ രണ്ടു ചുവടു പിറകോട്ടു നടന്നിട്ട്, കണ്ണുകൾ സൂര്യനിൽ നിന്ന് മറച്ചുപിടിച്ച് സൂക്ഷിച്ചു നോക്കി. അവൻ്റെ കണ്ണുകൾ തിളങ്ങി.

ഇതിനർത്ഥം ആളാരാണെന്ന് ഒരു ഊഹമുണ്ടെന്നാണ്.

കുറച്ചു കൂടി നന്നായി കണ്ട് ഉറപ്പിക്കാനായി അങ്ങോട്ടും

ഇങ്ങോട്ടും ചരിഞ്ഞ് നോക്കാൻ തുടങ്ങിയപ്പോൾ

'ആവശ്യമില്ല' എന്ന ഭാവത്തിൽ ചില്ലകളിൽ നിന്ന്

'കുട്ടുറു.... കുട്ടുറു...' എന്ന ശബ്ദമുയർന്നു. ഇതു ചിന്നക്കുട്ടുറുവൻ

തന്നെ. ഇവയെ ഇലകളിൽ നിന്ന് വേർതിരിച്ചറിയുക

പ്രയാസമാണ്. തൻ്റെ പ്രിയപ്പെട്ട നെല്ലിമരത്തിന്

എല്ലാ ദിവസവും

എന്തെങ്കിലും കാണിക്കാനുണ്ടാവും.

അരുൺ വീട്ടിലെത്തി. അവിടെ അച്ഛനും അമ്മയും

ഏതോ ഒരു മരം മുറിക്കുന്നതിൻ്റെ കാര്യം പറയുന്നതു

കേട്ടു. അപ്പോൾ അരുൺ കാര്യമായൊന്നും ചിന്തിച്ചില്ല. പറമ്പിലെ രോഗിയായ തെങ്ങിനെക്കുറിച്ചായിരിക്കും എന്നു വിചാരിച്ചു.എന്നാൽ പിറ്റേ ദിവസം രാവിലെ മുറ്റത്തെ കിളിക്കൂട് കാണാൻ പുറപ്പെട്ടപ്പോൾ അമ്മ അച്ഛനോട് പറമ്പിലെ 'ഒരുപയോഗമില്ലാത്ത' നെല്ലിമരം വെട്ടാൻ പറയുന്നത് കേട്ടു. ഇതുവരെ നെല്ലി കായ്ച്ചിട്ടില്ല എന്നതു സത്യം.എന്നാൽ 'ഒരുപയോഗോവില്ലാത്ത' എന്നു വിളിക്കുന്നത് അൽപ്പം കൂടിപ്പോയില്ലേ? ഒന്നും ഉപയോഗശൂന്യമല്ല എന്നു ബുദ്ധൻ പറഞ്ഞിട്ടില്ലേ. അമ്മ മലയാളം ടീച്ചറല്ലേ. നാലു വർഷം ഇതെല്ലാം പഠിപ്പിച്ചതല്ലേ?എന്നിട്ടിപ്പോ...

" അമ്മാ...."

"ഓ.. ഇന്ന് കറക്റ്റ് സമയത്തിനെത്തിയല്ലോ"
അരുൺ പുഞ്ചിരിക്കാൻ ഒരു ശ്രമം നടത്തി. കഴിഞ്ഞില്ല.

"ആ നെല്ലിമരം എന്തിനാ മുറിക്കുന്നേ?"

" ചുമ്മാ നിർത്തുന്നതെന്തിനാ മോനേ..അത് ഇതുവരെ

ഒന്നു പൂത്തിട്ടു പോലുമില്ല."

"എന്നുവച്ച് ഉപയോഗവില്ലാന്നൊക്കെ പറയാവോ?"

"അവൻ പറഞ്ഞത് സത്യവാടീ", ഇത്തവണ

മുത്തശ്ശിയാണ് പറഞ്ഞത്.

മുത്തശ്ശി അരുണിൻ്റെ ബെസ്റ്റ് ഫ്രെൻഡാണ്.

അവൻ പറയുന്നത് കേൾക്കുന്നത്, അല്ലെങ്കിൽ

കേൾക്കുന്നതായി നടിക്കുന്നത് മുത്തശ്ശി മാത്രമേ ഉള്ളൂ.

തിരിച്ച് മുത്തശ്ശി പറയുന്നത് കേൾക്കാൻ

അരുണിന് എന്തിഷ്ടമാണ്!

"ഞങ്ങടെയൊക്കെ കൊച്ചുന്നാളിൽ ഇവിടൊക്കെ

എന്തോരം പക്ഷികളൊണ്ടാരുന്നു? നകമോഹൻ,

തുക്കണാം കുരുവി, അങ്ങാടിക്കുരുവി... എന്തോരം

മരങ്ങളാരുന്നു?"

ഇതിനിടയിൽ നെല്ലിമരത്തിനു മുകളിലൂടെ വട്ടമിടുന്ന

അച്ഛനെയും അമ്മയെയും ശ്രദ്ധിച്ചിരിന്നു. നെല്ലി

മരത്തെ സൂക്ഷ്മമായി നിരീക്ഷിച്ചു കൊണ്ടിരുന്നു.

ഇപ്പോൾ ഹോംവർക്ക് ചെയ്യുന്നതു പോലും ജനാലയ്ക്ക്

അടുത്തിരുന്നാണ്. ഒരു ദിവസം വീട്ടിലേക്ക് വരുന്ന

നേരത്ത് മുത്തശ്ശിയുടെ അടുത്തു നിന്ന് രഹസ്യ

സന്ദേശംലഭിച്ചു: മരം വെട്ടാൻ വരും എന്ന് പറഞ്ഞ്

അപ്പുറത്തെ ദിവാകരൻ മാമൻ .

ആ രാത്രി അരുൺ വർണോജ്ജ്വലമായ സ്വപ്നങ്ങൾ

കണ്ടു. എന്നാൽ രാവിലെ ഇരുന്ന് പഠിക്കേണ്ടിവന്നു.

അമ്മ മുറിയിലേക്കു ചായയും കൊണ്ട് വന്നപ്പോൾ

'സ്വന്തവായിട്ടെടുത്ത് കുടിച്ചൂടെ?' എന്നതിനുപകരം

'ഇന്നെന്താ ഒരു വെപ്രാളം? സന്തോഷിക്കണതാണല്ലോ!'

പ്രതീക്ഷിച്ചില്ല.

അരുൺ പുസ്തകത്തിൽ നിന്ന് കണ്ണെടുത്ത് അമ്മയെ

നോക്കി."ഈ മാസം ഇരുപതിനു പരീക്ഷ തുടങ്ങും.
എന്നിട്ടാ സന്തോഷിക്കാൻ !"
"അല്ല..നിന്റെ നെല്ലിമരം കായ്ച്ചത് കണ്ടില്ലേ?"

കേൾക്കേണ്ട താമസം, അവൻ ഒറ്റയോട്ടം. പറഞ്ഞത്

സത്യമാണ്. നെല്ലിമരത്തിന്റെ ചില്ലകളിലൂടെ മൂന്നു

കുഞ്ഞു നെല്ലിക്കകൾ പുഞ്ചിരിക്കുന്നു.

പെട്ടെന്ന് കറുത്ത നിറമുള്ള, നീണ്ട തിളങ്ങുന്നവാലുള്ള

ഒരു പക്ഷി ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിച്ചു കൊണ്ട്

ചില്ലയിൽ വന്നിരുന്നു. തലയിൽ ചെറിയൊരു കിരീടം.

അരുൺ സൂക്ഷിച്ച് നോക്കിനിന്നു. അവൻ്റെ

കണ്ണുകൾ തിളങ്ങി.

– ശ്രീലക്ഷ്മി

8C



# വേര്



ചിലവേരുകളുണ്ട് ... !! മുറിച്ചു വേർപെടുത്തിയാലും

മണ്ണിൽ പുതഞ്ഞുകിടക്കും ക്ഷോഭങ്ങളയെല്ലാം

പ്രതിരോധിക്കാനുള്ള കരുത്താർജ്ജിച്ച് വൃക്ഷത്തി-

നൊപ്പം നിന്നാലും മുകളിലോട്ടുയരുന്ന

വൃക്ഷമൊരിക്കലും

താഴോട്ടു നോക്കാറില്ല .വേരിലാണ്, തന്റെ

ജീവനാഡിയെന്നറിയുമ്പോഴേക്ക് വൃക്ഷം

കടപുഴകി വീണിരിക്കും..!!

Ali Fathima

8C



# മരങ്ങൾ



മരങ്ങൾവെട്ടിമുറിക്കരുതേ

മരങ്ങൾ നാടിൻ സമ്പത്ത്

മരങ്ങൾ നട്ടു വളർത്തേണം

മരങ്ങൾനമ്മുടെഐശ്വര്യം

നദിയെകുരുതി കൊടുക്കരുതേ,

മണലിനായി കൊല്ലരുതേ

പുഴകളെയാർക്കും വിൽക്കരുതേ

അവ ഈശ്വരൻ നൽകിയ വരദാനം

പ്ലാസ്റ്റിക് സഞ്ചികൾ വേണ്ടേ വേണ്ട

കടലാസ് സഞ്ചികൾ അനുയോജ്യം

വെള്ളം പാഴാക്കി കളയരുതേ

വെള്ളം ജീവനാധാരം

Ali Fathima
8C



# ദി മാൻ ഫ്രം ടോറഡ്

വർഷം 1954 മാസം ജൂലൈ 24 ,ടോക്കിയോ അന്താരാഷ്ട്ര വിമാനത്താവളത്തിലെ ജീവനക്കാർ,അവരവരുടെ വിഭാഗങ്ങളിൽ ,സാധാരണ പോലെ ജോലിയിലാണ്, ചൂട് കൂടുതലുള്ള ഒരു ദിനമാണ്,

12.30നുള്ള എയർ ഫ്രാൻസ് വിമാനം പുറപ്പെടാൻ വേണ്ടി,വഴിയൊരുക്കുന്ന തിരക്കിലാണ്,ചില എയർപോർട്ട് ജീവനക്കാർ ഇമിഗ്രേഷൻ വിഭാഗത്തിൽ ,പാസ്സ്പോർട്ടുകൾ ,വെരിഫൈ നടന്നുകൊണ്ടിരിക്കുന്നു,പതിവിലും വിപരീതമായി ആളുകളുടെ തിരക്ക് അന്ന് കുറവായിരുന്നു, ആളുകളുടെ മുഖത്ത് നോക്കാതെ പാസ്സ്പോർട്ടിലേക്ക് , സ്റ്റാമ്പ് പതിക്കുകയാണ് ഇമിഗ്രേഷൻ ജീവനക്കാരൻ,പെട്ടെന്നാണ് തന്റെയടുക്കൽ നീട്ടിയ

ഒരു പാസ്പോർട്ടിലെ രാജ്യത്തിന്റെ പേര് അയാളുടെ

കണ്ണിലുടക്കിയത്,ടോറഡ്'ഉടൻ തന്നെ ആ

പാസ്പോർട്ട് കൊടുത്ത

ആളെ അയാൾ ഒന്നു മുഖമുയർത്തി നോക്കി

സർ എവിടെയാണ് ഈ രാജ്യം

ജീവനക്കാരൻ്റെ ചോദ്യത്തിന് മുന്നിൽ,

യൂറോപ്യൻ ശൈലിയിലുള്ള ഉടയാടകളണിഞ്ഞ

അയാൾ എന്താണ് ഇതിന് മുൻപ് താങ്കൾ

ഈ രാജ്യത്തിന്റെ പേര് കേട്ടിട്ടില്ലേ

"ഇല്ല"

"താങ്കൾ ആ രാജ്യത്തെ പൗരനാണോ?"

"അതെ"

"സോറി സർ താങ്കളുടെ പാസ്പോർട്ടിന് എമിഗ്രേഷൻ

നൽകുന്നതിൽ എനിക്ക് ബുദ്ധിമുട്ടുണ്ട് താങ്കൾ

അല്പം കാത്തിരിക്കു എൻ്റെ ചീഫ് ഓഫീസർസുമായി

ഞാൻ ഒന്ന് സംസാരിക്കട്ടെ അതുവരെ താങ്കൾ

ക്ഷമിക്കുക ".

"മൂന്ന് പ്രാവശ്യവും ഞാനിവിടെ നിന്ന് എന്റെ രാജ്യത്തേക്ക് പോയിട്ടുണ്ടല്ലോ പിന്നെ ഇപ്പോൾ

എന്താണ് നിങ്ങൾ ഇമിഗ്രേഷൻ നൽകാത്തത്"?

അൻറോണിയോ അൽപ്പം നീരസം കലർന്ന

ശബ്ദത്തിൽ ചോദിച്ചു.

അയാൾക്ക് മറുപടി നൽകാൻ നിൽക്കാതെ,ഇമിഗ്രേഷൻ

ജീവനക്കാരൻ തന്റെ ചീഫിന്റെ ഓഫീസ് റൂം

ലക്ഷ്യമാക്കി നടന്നു..!

റൂമിലേക്ക് പോയ അയാളും ചീഫും റൂമിന് വെളിയിൽ

വന്നു ,പാസ്പ്പോർട്ടിലേക്ക് തന്നെ നോക്കി എന്തോ

സംസാരിക്കുന്നത് ദൂരെ ഇരുന്ന് കൊണ്ട്

തന്നെഅൻറോണിയോ കാണുന്നുണ്ട്..

ചീഫ് തന്റെ വാക്കിടോക്കിയിൽ കൂടി മറ്റു രണ്ട്

ഇമിഗ്രേഷൻ ഓഫീസർമാരെ കൂടി വിളിച്ച് വരുത്തി..

അതിൽ ഒരാളോട് ,അൻ്റോണിയോയെ ഓഫീസിലേക്ക്

വിളിപ്പിച്ചു.

ഹസ്തദാനത്തിനു ശേഷം , ചീഫ് അയാളെ

റൂമിനുള്ളിലേക്ക് കൊണ്ടുപോയി

"സർ താങ്കളുടെ പാസ്പോർട്ട് വ്യാജനോ,മറ്റോ

ആണന്നാണ് ഞങ്ങൾക്ക് തോന്നുന്നത്,ഞങ്ങളുടെ

ലിസ്റ്റിൽ താങ്കളുടെ രാജ്യത്തിൻ്റെ പേര് കാണാൻ

കഴിയുന്നില്ല,"

"ദയവായി താങ്കളുടെ ടിക്കറ്റതരാമോ."

"പാസ്പോർട്ട് പരിശോധിക്കലാണ് നിങ്ങളുടെ ജോലി

ടിക്കറ്റ് പരിശോധന താങ്കളുടെ ജോലിയല്ല

അൻ്റോണിയോ അൽപ്പം ക്ഷുഭിതനായി തന്നെ

പറഞ്ഞു..!"

"ഓക്കെ താങ്കൾ എന്താവശ്യത്തിനാണ് ജപ്പാനിൽ

വന്നിരിക്കുന്നത് എന്ന് പറയാമോ?"

ജപ്പാനിലെ ഒരുകമ്പനിയിൽ പർച്ചേസിങ്ങനായി

വന്നതാണ് ടോറഡ്മാൻ ഓഫീസർക്ക് മറുപടി നൽകി..

"ദയവായി ക്ഷമിക്കുക താങ്കൾക്ക് ഇന്ന് സ്വദേശത്തേക്ക്

മടങ്ങുവാൻ കഴിയില്ല,താങ്കളുടെ പാസ്പ്പോർട്ട് ഞങ്ങൾക്ക്

സൂക്ഷമ പരിശോധന നടത്തേണ്ടതുണ്ട്.

അത് കൊണ്ട് താങ്കൾ ഇന്ന് ഞങ്ങൾ നൽകുന്ന

റൂമിൽ വിശ്രമിക്കുക,താങ്കളിൽ നിന്നും അതിനുള്ള

തുക ഞങ്ങൾ ഈടാക്കുകയില്ല..

ദയവായി സഹകരിക്കുക.."

അൻറോണിയോ സമ്മതം എന്ന മട്ടിൽ അവിടെയുള്ള

മറ്റ് രണ്ട് ഓഫീസർമാരോടൊപ്പം പോകാൻ ഇറങ്ങി,

സർ താങ്കളുടെ രാജ്യം ഈ മാപ്പിൽ എവിടെയാണന്ന്

കാണിക്കാമോ ,

ഭിത്തിയിൽ തൂക്കിയിരിക്കുന്ന ,വേൾഡ് മാപ്പിലേക്ക്

ചൂണ്ടി അൻറോണിയോടായി ചീഫ് ചോദിച്ചു,

ഒട്ടും അമാന്തിക്കാതെ തന്നെ

അയാൾ ,ഫ്രാൻസിന്റെയും,സ്പെയിനിന്റെയും

അതിർത്തിയോട് ചേർന്ന് കിടക്കുന്ന ഒരു സ്ഥലത്തെ

മേശപ്പുറത്ത് ഇരുന്ന ഒരു മാർക്കറുകൊണ്ട് വൃത്തം

വരച്ചിട്ടു..!അയാൾ പോയതിനു ശേഷം ചീഫ്

വൃത്തത്തിനുള്ള സ്ഥലം നോക്കി 'അൻഡോറ' എന്ന

സ്ഥലനാമമല്ലാതെ അയാൾക്ക് അവിടെ ഒന്നും കാണാൻ

കഴിഞ്ഞില്ല...!

പീന്നീട് പാസ്പോർട്ട് സസൂക്ഷ്മം പരിശോധിച്ചു.

മുൻപ് ജപ്പാൻ കൂടാതെ വേറെ രണ്ട് രാജ്യങ്ങളിൽ

പോയതായുള്ള വിവരം ചീഫ് ഓഫീസർക്ക് അതിൽ

നിന്നും ലഭിച്ചു..

തീയതികളും,പാസ്പോർട്ടിന്റെ കാലാവധിയും

പരിശോധിച്ച ചീഫ് ഒന്ന് ഞെട്ടി .എല്ലാം യാത്രകളും

നിലവിലെ വർഷങ്ങളെക്കാളും കുറെ വർഷങ്ങൾ

കഴിഞ്ഞ് പോയതും, ഇനി വരാനുള്ള വർഷങ്ങളുമാണന്ന്

പാസ്സ്പോർട്ടിൽ നിന്നും തിരിച്ചറിഞ്ഞു. കൂടാതെ അൻ്റോണിയോ പറഞ്ഞ കമ്പനിയുമായി ബന്ധപ്പെട്ടപ്പോൾ ആ പേരിൽ ഉള്ള ആളെ അറിയുകയില്ലെന്നും അവർ പറഞ്ഞു.

ഉടൻ തന്നെ ഫോണിൽകൂടി വിളിച്ചു വരുത്തിയ പൊലീസ് ഓഫീസർമാരൊടപ്പം അയാൾ അൻ്റോണിയയെ താമസിപ്പിച്ചിരിക്കുന്ന ഹോട്ടലിലേക്ക് പാഞ്ഞു,കൂടാതെ അൻ്റോണിയൊടൊപ്പം പോയ ഓഫീസർമാരോട്,അവിടെ കാവൽനിൽക്കാനും അൻ്റോണിയോയെ റൂമിലേക്ക് പുറത്തേക്ക് ഇറങ്ങാതെ ശ്രദ്ധിക്കാനും നിർദ്ദേശം നൽകി..

പൊലീസിനൊടൊപ്പം ,ആ ഹോട്ടലിൻ്റെ ഏഴാം നിലയിലുള്ള റൂമിലേക്ക് ചെന്ന ചീഫ് ,ഒരു ക്യാമറ മൂലം നീരീക്ഷിക്കാൻ ഹോട്ടൽ മാനേജ്മെൻ്റിന്റെ സഹായം തേടി..

അൻ്റോണിയോയുടെ ഒരോ ചലനങ്ങളും ചീഫ്

സസൂക്ഷമം അവിടെ തയ്യാറാക്കിയ ടീവിയിൽകൂടി സസൂക്ഷ്മം ശ്രദ്ധയോടെ നോക്കിയിരുന്നു..!

രാത്രി ഭക്ഷണം അവശ്യപ്പെട്ട അൻറോണിയോയ്ക്ക് അത് അവർ നൽകി, കഴിച്ചതിനു ശേഷം ഒരു സിഗററ്റ് എടുത്ത് വലിച്ച് കൊണ്ട് ,റൂമിൽ ഉലാത്തുന്ന അയാൾ അക്ഷമനാണന്ന് ചീഫ് മനസ്സിലാക്കി..!

കുറച്ച് സമയത്തിന് ശേഷം റൂമിലെ ലൈറ്റുകൾ ഓഫ് ചെയ്ത് കിടന്നുറങ്ങിയതിനാൽ ,ചീഫും നീരിക്ഷണം മതിയാക്കി വിശ്രമിച്ചു.

രാവിലെ അൻറോണിയോയെ വിളിക്കാൻ റൂമിന് പുറത്ത് കാവൽ നിന്ന ഓഫീസർമാരോട് ചീഫ് ആവശ്യപ്പെട്ടു..

റൂം തുറന്ന അവർക്ക് പക്ഷെ അൻറോണിയോയെ അവിടെ എങ്ങും കാണാൻ കഴിഞ്ഞില്ല ,റൂം മുഴുവൻ അരിച്ച് പെറുക്കിയ അവർക്ക് അൻറോണിയോയുടെ ഒരു ബാഗ് മാത്രമാണ് ലഭിച്ചത്

റൂം പരിശോധനയിൽ,ഗ്ലാസ് വിൻഡോകൾ ,വഴിയോ മറ്റോ

രക്ഷപെടാനുള്ള സാധ്യത തീരെ കുറവാണന്ന് ,ചീഫ് മനസ്സിലാക്കി,പോലീസിൻ്റെ സഹായത്തോടെ ,ഡോഗ് സ്ക്വാഡിൻ്റെ,സഹായം തേടിയെങ്കിലും,നായ അൻ്റോണിയോ പുതച്ച ബ്ളാങ്കറ്റിൽ നോക്കിമാത്രം കുരച്ച് കൊണ്ട് റൂമിനുള്ളിൽ തന്നെ കിടന്ന് വട്ടം കറങ്ങുകയായിരുന്നു..!

നിരാശയോടെ ബാഗ് പരിശോധിച്ച ചീഫ് പല രാജ്യങ്ങളിലെകറൻസികളും,ഫ്രഞ്ച്,ജപ്പാൻ ,സ്പാനിഷ് , ഇംഗ്ലീഷ് ഭാഷകളിലെഴുതിയ ചില കുറിപ്പുകളും മാത്രമാണ് ലഭിച്ചത്..!

അതിൽനിന്നും ഒന്നിൽകൂടുതൽ ഭാഷകൾ അയാൾക്ക് സ്വയത്തമാണന്ന് ചീഫ് മനസ്സിലാക്കി..!

ക്യാമറ ഫൂട്ടേജുകളിൽ അർദ്ധരാത്രി പുതപ്പിനുള്ളിൽ ശക്തമായ ഒരു വെളിച്ചം വന്നതിനു ശേഷം നിമിഷ നേരം കൊണ്ട് അവിടം ഇരുട്ടാകുന്നതും ചീഫ് കണ്ടു.

കുറെയെറെ, തിരച്ചിലുകളും,വിശദീകരണങ്ങളും ഈ

സംഭവത്തിന് ശേഷം പിന്നീട് നടന്നുവെങ്കിലും ഒന്നിനും ഉത്തരം കിട്ടാത്തതിനാൽ എയർട്ട് പോർട്ട് ഇമിഗ്രേഷൻ ഓഫീസും,പൊലീസും ,ഫയലുകൾ മടക്കി,!

ഇന്നും ചുരുളഴിയാത്ത ഒരു രഹസ്യമായി 'ദി മാൻ ഫ്രം ടോറഡ്' നിലകൊള്ളുന്നു..!

കുറെക്കാലത്തിനു ശേഷം വിരമിച്ച ആ ചീഫ് ഓഫീസർ തൻ്റെ സുഹൃത്തും,പാരലൽ വേൾഡിനെ കുറിച്ച് പഠനം നടത്തുന്ന ഒരു ഗവേഷകനുമായ, പോൾബെഗ് എന്ന ആളോടായി ഇതിനെ കുറിച്ചാരാഞ്ഞു.

ഈ വിവരങ്ങൾ ബെഗ് തൻ്റെ പുതിയ നിരീക്ഷണ പഠന പുസ്തകത്തിൽ 'മിസ്റ്റി ആൻഡ് ബിസയർ പീപ്പിൾ എന്ന പേരിൽ എഴുതി വെച്ചു.

1981ലാണ് പിന്നീട് ഈ സംഭവങ്ങൾ പുറത്തറിയുന്നത്.

അതിനു ശേഷം പലരും രണ്ട് ചേരിയിൽ നിന്നുകൊണ്ട്, വിശദീകരണങ്ങളുമായി ഇന്നും തർക്കത്തിലേർപ്പെടുന്നുണ്ട്.

ഒരു പക്ഷെ അൻ്റോണിയോ ഒരു ടൈം ട്രാവലർ

ആയിരുന്നോ?,നമ്മുടെ ലോകത്തിന് സമാനമായി മറ്റൊരു പാരലൽ വേൾഡുണ്ടോ?

വിശദീകരണങ്ങൾ ശാസ്ത്രലോകം തന്നെ നൽകുമെന്ന് വിശ്വസിക്കാം..!

Abhinav A.S

8C



# വേട്ടക്കാരനും നാല് സുഹൃത്തുക്കളും.




പണ്ടു പണ്ടൊരു കാട്ടിൽ നാല് സുഹൃത്തുക്കൾ വസിച്ചിരുന്നു. കാക്ക, മാൻ, ആമ, ചുണ്ടെലി എന്നിവരായിരുന്നു ആ നാല് സുഹൃത്തുക്കൾ. അവർ എന്നും വൈകുന്നേരം കാട്ടിലെ ഒരു മരത്തിന്റെ ചുവട്ടിൽ ഒത്തു കൂടുമായിരുന്നു. പരസ്പരം വിശേഷങ്ങൾ പങ്കുവച്ചും തമാശകൾ പറഞ്ഞും അവർ സമയം ചിലവഴിച്ചു. എന്തൊക്കെ തിരക്കുണ്ടെങ്കിലും

ദിവസവും അവർ ഇതിനായി സമയം മാറ്റിവച്ചു.

അതിനൊരു മുടക്കവും  വരുത്തിയിരുന്നില്ല. അങ്ങനെ

അവർ പരസ്പരം

സ്നേഹിച്ചു ആ കാട്ടിൽ കഴിഞ്ഞു.

അങ്ങനെയിരിക്കെ ഒരു ദിവസം പതിവു പോലെ അവർ

ആ മരത്തിന്റെ ചുവട്ടിൽ ഒത്തുകൂടി. എന്നാൽ മാൻ

മാത്രംഅവിടെ എത്തിയില്ല. അവർ മാനിനെയും

പ്രതീക്ഷിച്ചു ഒരുപാട് നേരം അവിടെ നിന്നു. സമയം

വൈകുന്തോറും തങ്ങളുടെ സുഹൃത്തിന് എന്തെങ്കിലും

അപകടം ഉണ്ടായോഎന്നവർ ഭയന്നു.

അപ്പോൾ കാക്ക പറഞ്ഞു

"ഞാനൊരു കാര്യം ചെയ്യാം, പറന്നു പോയി കാട്ടിലൊക്കെ

മാനിനെ അന്വേഷിച്ചിട്ട് വരാം. തീർച്ചയായും അവനു

എന്തോ അപകടം സംഭവിച്ചിട്ടുണ്ട്."

ഇതും പറഞ്ഞു കാക്ക പറന്നു പോയി. എന്നിട്ട് അവൻ ആ

കാട്ടു മുഴുവൻ മാനിനെ അന്വേഷിച്ചു. അപ്പോൾ അതാ

കുറ്റിക്കാട്ടിൽ ഒരു വേടൻ വിരിച്ച വലയിൽ കുടുങ്ങിയ

നിലയിൽ കാക്ക മാനിനെ കണ്ടു. കാക്കയെ കണ്ടതും

മാൻ പറഞ്ഞു

Theertha S.S
9.C



# Song of a Dream




ONCE in the dream of a night I stood
Lone in the light of a magical wood,
Soul - deep in visions that poppy - like sprang;
And spirits of truth were the

birds that sang,

And spirits of Love were the stars that glowed,

And spirits of peace were the stream that flowed

In that magical wood in the land of sleep.

Lone in the light of that magical grove,

I felt the stars of the spirit of loveGather and gleam round my delicate youth,

And I heard the song of the spirit

of truth ;

To quench my longing I bent

me low

By the streams of the spirits of

peace that flow

In that magical wood in the land

of sleep.

Anha A
9E



# കുമാരനാശാൻ



മാന്യമിത്രമേ, മാനസസാരളീ

സാന്നിദ്ധ്യംചെയ്ത സാക്ഷാൽ നികേതമേ,

ഉന്നിദ്രയുവഹൃത്തിൻ പ്രവാഹത്തിൽ

ധന്യവാർദ്ധക്യം സന്ധിച്ച 'തീർത്ഥ'മേ,

മന്നിൽനിന്നു മറഞ്ഞിതോ വർഗ്ഗത്തെ-

യുന്നയിപ്പാനെരിഞ്ഞ വിളക്കേ നീ.

അറ്റത്തയ്യോ പരിമളശേഷമാ-

യൊറ്റയാമാ വിടർന്ന പൂവെന്നിയേ

അറ്റഞെട്ടാർന്നു നില്ക്കുന്നു കഷ്ടമീ-

യുറ്റ തീയസമുദായവല്ലരി.

വേറെ മൊട്ടി ലതയിൽ വിടർന്നിടാ-

മേറെയേറിയ ഭംഗിയിലെങ്കിലും

കൂറെഴുന്ന കുസുമപ്രകാശമേ

വേറുപൂവൊന്നീ ഞെട്ടിൽ വിളങ്ങുമോ?

ചത്തവർക്കു കണക്കില്ലെയെന്നാലും

എത്ര പാർത്തു പഴകിയതാകിലും

ചിത്തത്തിൽക്കുറിയന്നവർ പോകുമ്പോൾ

പുത്തനായ്ത്തന്നെ തോന്നുന്നഹോ മൃതി.

എന്തിനല്ലെങ്കിലോർക്കുന്നു ഞാനിതി-

ങ്ങന്തകഭയം കൃതജ്ഞരാർന്നിടാ.

അന്ത്യശയ്യയിലുമമ്മഹാൻതന്നെ-

ച്ചിന്തിച്ചീലതു വർഗ്ഗകാര്യോത്സുകൻ

സത്യമോർക്കിൽ മരണംമുതല്ക്കുതാ-

നത്തമർക്കു തുടങ്ങുന്നു ജീവിതം.

അത്തലില്ലവർക്കന്നുതൊട്ടൂഴിയിൽ

എത്തുകില്ല കളങ്കം യശസ്സിലും

Amish Krishna vijay
9E



# വീണ പൂവ്

–കുമാരനാശാൻ



ഹാ! പുഷ്പമേ അധികതുംകപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭ്രുവിലസ്ഥിര – അസംശയ – മിന്നു നിന്റെ –
യാഭ്രുതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ
ലാളിച്ചു പെറ്റലതയ ന്പൊട്ടു ശൈശവത്തിൽ
പാലിച്ചു പല്ലവപു ടങ്ങളിൽ വെച്ചു നിന്നെ ;
ആലോലവായു ചെറു തൊട്ടിലുമാട്ടി, താരാ –
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ
ആരോമലാമഴകു , ശുദ്ധി, മൃദുത്വ , മാഭ
സാരള്യമെന്ന, സുഗുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ ; ആ മൃദുമെയ്യിൽ നവ്യ താരുണ്യ
മേന്തിയൊരു നിൻ നില കാണണം താൻ

വൈരാഗ്യമേറിയൊരു വൈദികനാട്ടെ , യേറ്റ -

വൈരിയ്ക്കു മുൻ പുഴറിയോടിയ ഭീരുവാട്ടെ ,

നേരെ വിടർന്നു വിലസീടിന നിന്നെ നോക്കി -

യാരാകിലെന്ത്? മിഴിയുള്ളവർ നിന്നിരിക്കാം.

ഹാ! പാപമോൽമലരേ ബത! നിന്റെ മേലും

ക്ഷേപിച്ചിതേ കരുണയറ്റ കരം കൃതാന്തൻ

വ്യാപാരമേ ഹാനനമാം വനവേടനുണ്ടോ

വ്യാപന്നമായ് കഴുകനെന്നു, കപോതമെന്നും?

ആഹാ! രചിച്ച ചെറുല്യതകളാശു നിന്റെ

ദേഹത്തിനേകി ചരമാവരണം ദുകൂലം

സ്നേഹാർദ്രയായുടനുഷസ്സു മണിഞ്ഞു നിന്മേൽ

നീഹാര ശീകരമനോഹര മന്ത്യ ഹാരം.

എന്തിന്നലിഞ്ഞു ഗുണദോരാണി വെച്ചു നിന്മേൽ?

എന്തിന്നതാശു വിധിയേവമപാകരിച്ചു?

ചിന്തിപ്പതാരരിയ സൃഷ്ടിരഹസ്യ? - മാവ -

തെന്തുള്ളൂ? ഹാ! ഗുണികളൂഴിയിൽ നീണ്ടു വാഴ!

സാധിച്ചു വേഗമാധവ നിജ ജന്മകൃത്യം
സാധിഷ്ഠർ പോട്ടിഹ സദാ നിശി  പാന്ഥപാദം
ബാധിച്ചു രൂക്ഷശില വാഴ്‌വതിൽനിന്നു മേഘ-
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കമ്യം?
എന്നാലുമുണ്ടഴലെനിക്കു വിയോഗമോർത്തും
ഇന്നത്ര  നിൻ കരുണമായ കിടപ്പു കണ്ടും
ഒന്നല്ലി നാ, മയി സഹോദരരല്ലി, പൂവേ,

ഒന്നല്ലി കയ്യിഹ രചിച്ചതു നമ്മെയെല്ലാം?

ഇന്നീവിധം ഗതി നിനക്കയി പോക! പിന്നൊ-

നൊന്നായിത്തുടർന്നു  വരുമോ വഴി ഞങ്ങളെല്ലാം ;

ഒന്നിന്നുമില്ല നില - ഉന്നതമായ കുന്നു-

മെന്നല്ലയാഴി യുമൊരിക്കൽ  നശിക്കുമോർത്താൽ.

ഉത്പന്നമായതു നശിക്കു , മണുക്കൾ നിൽക്കും

ഉത്പന്നനാമുടൽ വെടിഞ്ഞൊരു ദേഹി വീണ്ടും
ഉത്പത്തി  കർമ്മഗതി പോലെ വരും ജഗത്തിൽ "

കൽപിച്ചിടുന്നി വിടെയിങ്ങനെ ആഗമങ്ങൾ.

ഖേദിക്കകൊണ്ട് ഫലമില്ല, നമുക്കതല്ല

മോദത്തിനും ഭ്രുവി വിപത്തു വരാം ചിലപ്പോൾ ;

ചൈതന്യവും ജഡവുമായി കലരാം ജഗത്തി -

ലേതെങ്കിലും വടിവിലീ ശ്വരവൈഭവത്താൽ.

കണ്ണേ, മടങ്ങുക, കരി ഞ്ഞുമലിഞ്ഞുമാശു

മണ്ണാകുമീമലരു, വിസ്മൃതമാകുമിപ്പോൾ;

എണ്ണിടുക്കാർക്കു മിതുതൻ ഗതി! സാധ്യ മെന്തു

കണ്ണീരിനാൽ? അവനി വാഴ്വു കിനാവു, കഷ്ടം!

Abhirami B.L
8D



# കുമാരനാശാന്റെ ജീവചരിത്രക്കുറുപ്പ്




മഹാകവി കുമാരനാശാൻ എന്നറിയപ്പെടുന്ന എൻ. കുമാരന് (1873–1924) മഹാകവി പട്ടം സമ്മാനിച്ചത് മദിരാശി സർവ്വകലാശാലയാണ്, 1922–ൽ. വിദ്വാൻ, ഗുരു എന്നൊക്കെ അർത്ഥം വരുന്ന ആശാൻ എന്ന സ്ഥാനപ്പേര് സമൂഹം നൽകിയതാണ്. അദ്ദേഹം ഒരു തത്വചിന്തകനും സാമൂഹ്യപരിഷ്കർത്താവും എന്നതിനൊപ്പം ശ്രീ നാരായണ ഗുരുവിന്റെ ശിഷ്യനുമായിരുന്നു. മഹാകാവ്യമെഴുതാതെ മഹാകവിയായ ഉന്നതനായ കവിയുമായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മലയാള കവിതയിൽ ഭാവാത്മകതയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് അതിഭൗതികതയിൽ ഭ്രമിച്ച് മയങ്ങി കിടന്ന കവിതയെ ഗുണകരമായ നവോത്ഥാനത്തിലേക്ക് നയിച്ചയാളാണ് കുമാരനാശാൻ. ധാർമികതയോടും ആത്മീയതയോടുമുള്ള തീവ്രമായ പ്രതിബദ്ധത ആശാൻ കവിതകളിൽ അങ്ങോളമിങ്ങോളം കാണാവുന്നതാണ്. അദ്ദേഹത്തിന്റെ മിക്കകൃതികളും നീണ്ട കഥാകഥനത്തിനു പകരം വ്യക്തി ജീവിതത്തിലെ നിർണ്ണായക മുഹൂർത്തങ്ങളെ അടർത്തിയെടുത്ത് അസാമാന്യമായ കാവ്യ സാന്ദ്രതയോടും ഭാവതീവ്രതയോടും കൂടി അവതരിപ്പിക്കുന്ന രീതിയാണ് അവലംബിച്ചത്. തിരുവനന്തപുരത്തിന് വടക്കുള്ള ചിറയിൻകീഴ് താലൂക്കിൽ കായിക്കര ഗ്രാമത്തിൽ ഒരു വണിക കുടുംബത്തിലാണ് ആശാൻ 1873 ഏപ്രിൽ 12–ന് ജനിച്ചത്. അച്ഛൻ പെരുങ്ങുടി നാരായണൻ, അമ്മ കാളി. കുമാരൻ ഒൻപത് കുട്ടികളിൽ രണ്ടാമനായിരുന്നു. അച്ഛൻ തമിഴ് മലയാള ഭാഷകളിൽ വിശാരദനായിരുന്നു, കൂടാതെ കഥകളിയിലും ശാസ്ത്രീയ സംഗീതത്തിലും അതീവ തൽപ്പരനുമായിരുന്നു. ഈ താൽപ്പര്യങ്ങൾ കുട്ടിയായ കുമാരനും പാരമ്പര്യമായി

കിട്ടിയിരുന്നു. കുമാരന്റെ താൽപ്പര്യം പരിഗണിച്ച് സംസ്കൃതത്തിലും ഗണിതത്തിലും പരിശീലനം നൽകി. അച്ഛന്റെ ശ്രമഫലമായി അദ്ധ്യാപകനായിട്ടും കണക്കെഴുത്തുകാരനായിട്ടും മറ്റും ചെറുപ്രായത്തിൽ തന്നെ ജോലി നേടിയെങ്കിലും, രണ്ടു കൊല്ലങ്ങൾക്കു ശേഷം, സംസ്കൃതത്തിലെ ഉപരി പഠനത്തിനായി ജോലി ഉപേക്ഷിച്ച് മണമ്പൂർ ഗോവിന്ദനാശാന്റെ കീഴിൽ കാവ്യം പഠിക്കാൻ ശിഷ്യത്വം സ്വീകരിച്ചു. അതോടൊപ്പം യോഗ–തന്ത്ര വിദ്യകൾ ശീലിക്കാൻ വക്കം മുരുകക്ഷേത്രത്തിൽ അപ്രന്റീസായിട്ടും ചേർന്നു. ഈ കാലത്താണ് കുമാരൻ ആദ്യമായി കവിതാരചനയിൽ താൽപ്പര്യം കാട്ടിത്തുടങ്ങിയത്. ഏതാനും സ്തോത്രങ്ങൾ ഇക്കാലത്ത് ക്ഷേത്രത്തിൽ വന്നിരുന്ന ആരാധകരുടെ താൽപ്പര്യപ്രകാരം എഴുതുകയുണ്ടായി.

-Rohan sam jacob
9.D



# ഇഷ്ടങ്ങൾ



കുന്നോളം പോന്ന

എന്റെ ഇഷ്ടത്തെ കുന്നിക്കുരുവോളം പോന്ന

വാക്കിനാൽ

നീ തട്ടിത്തെറിപ്പിച്ചപ്പോൾ,

മാനം മുട്ടെ പറന്നുയർന്ന സ്വപ്നങ്ങൾ

എല്ലാം ചിറകറ്റു വീഴുന്നത്

മൂകമാം മനസ്സോടെ നോക്കി നിലപതും

മൗനം ഭേദിച്ചു കാതിൽ പതിഞ്ഞോരിടിമുഴക്കം.

ഇന്നും നിൻ്റെ വെറുപ്പിൻ്റെ അലർച്ചയായി കരുതാൻ

ഫയന്നോ അതോ നിന്നോടുള്ള അടങ്ങാത്ത

പ്രണയത്തിൽ ഉറവ വറ്റാത്തതോ ;കാരണമേതുമേ

അറിയാതെ ഒരു

കണ്ണീരാൽ അവയെ മായ്ക്കുന്നു ഞാനിതാ

Muhammad Rouf
8 E

# കാട്ട്പൂവ്



ചിതറി തെറിക്കുന്ന ചിന്തകളിലെപ്പോഴും

നിന്റെ ഈ പുഞ്ചിരി ഒന്നു മാത്രം.

മഴവില്ല് പോലെ നീ മനസ്സിൽ തെളിയുമ്പോൾ

ഉണരുന്നുഎന്നിലെമോഹങ്ങളും.

കൃഷ്ണ തുളസി കതിർ തുമ്പ് മോഹിക്കും

നിന്റെയീവാർമുടി ചുരുളിലെത്താൻ.

പൂജക്കെടുക്കാത്ത പൂവായ ഞാനും

മോഹിച്ചിടുന്നു നിൻ അരികിലെത്താൻ.

മണമില്ല മധുവില്ല പൂജക്കെടുക്കില്ല

താനെ വളർന്നൊരു കാട്ട് പൂവാണ് ഞാൻ.

Aliya Najeev
9 C



# A Prayer in Spring




Oh, give us pleasure in the flower to-day;

And give us not to think so far away

As the uncertain harvest; keep us here

All simply in the springing of the year.

Oh, give us pleasure in the orchard white,

Like nothing else by day, like ghost by night;

And make us happy in the happy bees,

The swarm dilating round the perfect trees.

And make us happy in the darting bird

That suddenly above the bees is heard,

The meteor that thrusts in with needle bill,

And off a blossom in mid air stands still.

For this is love and nothing else is love,

The which it is reserved for God above

To sanctify to what far ends He will,

But which it only needs that we fulfil.

Asna Fathima SR
9 D



# ON KILLING A TREE




It takes much time to kill a tree,

Not a simple jab of the knife

Will do it. It has grown

Slowly consuming the earth,

Rising out of it, feeding

Upon its crust, absorbing

Years of sunlight, air, water,

And out of its leperous hide

Sprouting leaves.

So hack and chop

But this alone wont do it.

Not so much pain will do it

The bleeding bark will heal

And from close to the ground

Will rise curled green twigs.

Miniature boughs

Which if unchecked will expand again

Theertha. AP

9C



# രാത്രിമഴ

-സുഗതകുമാരി



രാത്രിമഴ,ചുമ്മാതെ

കേണും ചിരിച്ചും

വിതുമ്പിയും നിർത്താതെ

പിറുപിറുത്തും നീണ്ട

മുടിയിട്ടുലച്ചും

കുനിഞ്ഞിരിക്കുന്നോരു

യുവതിയാം ഭ്രാന്തിയെപ്പോലെ.

രാത്രിമഴ,മന്ദമീ-

യാശ്രുപത്രിക്കുള്ളി-

ലൊരുനീണ്ട തേങ്ങലാ-

യൊഴുകിവന്നെത്തിയീ-

ക്കിളിവാതിൽവിടവില്ലൂ-

ടേറേത്തണുത്തകൈ-

വിരൽ നീട്ടിയെന്നെ –

തൊട്ടുന്നൊരീ ശ്യാമയാം

ഇരവിൻറെ ഖിന്നയാം പുത്രി.

രാത്രിമഴ,നോവിൻ

ഞരക്കങ്ങൾ ഞെട്ടലുകൾ,

തീക്ഷ്ണസ്വരങ്ങൾ

പൊട്ടുന്നനെയൊരമ്മതൻ

ആർത്തനാദം!.........ഞാൻ

നടുങ്ങിയെൻ ചെവിപൊത്തി-

യെൻ രോഗശയ്യയി-

ലുരുണ്ടു തേങ്ങുമ്പൊഴീ-

യന്ധകാരത്തിലൃ-

ടാശ്വാസ വാക്കുമാ-

യെത്തുന്ന പ്രിയജനം പോലെ.

ആരോ പറഞ്ഞു

മുറിച്ചു മാറ്റാം കേട്ട-

ബാധിച്ചോരവയവം;

പക്ഷെ,കൊടും കേട്ടു

ബാധിച്ച പാവം മനസ്സോ?

രാത്രിമഴ,പണ്ടെൻറെ

സൗഭാഗ്യരാത്രികളി-

ലെന്നെച്ചിരിപ്പിച്ച

കുളിർകോരിയണിയിച്ച,

വെണ്ണിലാവേക്കാൾ

പ്രിയംതന്നുറക്കിയോ-

രന്നത്തെയെൻ പ്രേമസാക്ഷി.

രാത്രിമഴ,-ഇന്നെൻറെ

രോഗോഷ്ണശയ്യയിൽ,

വിനിദ്രയാമങ്ങളി-

ലിരുട്ടിൽ തനിച്ചു കര-

യാനും മറന്നു ഞാ-

നുഴലവേ,ശിലപോലെ-

യുറയവേ ദുഃഖസാക്ഷി.

രാത്രിമഴയോടു ഞാൻ

പറയട്ടെ,നിൻറെ

ശോകാർദ്രമാം സംഗീത-

മറിയുന്നു ഞാൻ;നിൻറെ-

യലിവും അമർത്തുന്ന

രോഷവും,ഇരുട്ടത്തു
വരവും,തനിച്ചുള്ള

തേങ്ങിക്കരച്ചിലും

പുലരിയെത്തുമ്പോൾ

മുഖം തുടച്ചുള്ള നിൻ

ചിരിയും തിടുക്കവും

നാട്യവും ഞാനറിയും;

അറിയുന്നതെന്തുകൊ-

ണ്ടെന്നോ?സഖീ,ഞാനു-

മിതുപോലെ, രാത്രിമഴപോലെ.

-Ajeesha Ajikumar
9.D



# മതിലേരിക്കന്നി




തിരുവെഴുത്താലോലാതു കണ്ടോണ്ടാരെ കിടുകിടെ

പൊട്ടിക്കരഞ്ഞേ കന്നി കണ്ണീരും കൈയായി നിന്നവള്

കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി: "കനകം നാളേറെ

മനം കൊതിച്ച് കരളിനകത്തുള്ള നാടുവാഴിക്ക്

അറിയാതെയായിരം കുറ്റം കണ്ട് അതിനെന്തുടയോനെ!

വേണ്ടത് ഞാനേ ഓലുണ്ടേരിപൊരിയങ്കത്തില്

ഞാനുണ്ടിപ്പട്ടൂരിക്കട്ടുമ്മേല് ഓലുണ്ടമ്മണ്ണിലും ചോരയിലും

ഞാനുണ്ടീയേഴ്തട്ട് മാളേമ്മേല് പൊറുക്കുന്നില്ലച്ഛാ

പൊറുക്കുന്നില്ലേ നെഞ്ഞുണ്ടിരുമ്പൊലച്ചൂളയാവുന്നേ!

പതിനേഴും കോപ്പും തലതേഞ്ഞിറ്റ് പതിനെട്ടോടത്താഴം

വെച്ചെനക്ക് ഇരുപത്തിയാറ് വയസ്സവർക്ക് തിരുമേനി

പടയിലെന്തേം വന്നെങ്കില് എവിടെവെച്ചച്ഛാ പൊറുക്കും

ഞാനേ നാട്ടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ!

നാട്ടുവാഴീരുന്നാലേ ഞാനിരിക്കൂ! നാളത്തെ പുല്ലുപുലരും

കാലംവേണാട്പൂങ്കൊയിലോംപോണെനക്ക്തിരു

വെഴുത്താലോലാതൂകാണുന്നേരം കൈമെയ്യിറക്കവും

വന്നെനക്ക് മെയ്യെല്ലം കണ്ണായിത്തോന്നെനക്ക് തലവൻ

പടനായരത്തേടിയച്ഛൻ കേക്ക് മലയോരം കാരണ്ടാലോ

പന്തിരണ്ടോമനത്തിരുവയസ്സിൽ പയറ്റിത്തെളിഞ്ഞ്

പണിക്കരാക്കി അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ ആണായും പെണ്ണായും
പോറ്റെൻ്റച്ഛൻ അച്ഛൻകനിവെന്നോടുണ്ടെങ്കില് പടപൊയ
താപ്പൂട്ടി വന്നോളാലോ.”

Jitheesh Chandran
9.D



# ' ഇതൾ വിരിയുംസൗഹൃദം'



ഇലപൊഴിയുന്നൊരു കാലം തളിരണിയുന്നതുപോലെ

പൂക്കൾ വിടരുന്നതുപോലെ താരകൾ കൺ തുറക്കുംപോൽ

എന്നുമീ സൗഹൃദം പിരിയാതെ വന്നണയുകയായ് കൂട്ടായ്

എൻ ജീവനായ് കണ്ണീരിലാനന്ദമായ് സ്നേഹത്തിൻ

ചെറുചില്ലുജാലകം തഴുകിയെന്നിൽ നീ വന്നുവോ കണ്ണിൽ

നിന്നും മാരിപെയ്യും നേരം വേർപിരിയാതെ നിന്നുവോ

എൻ പ്രാണനായി. എന്നുയിരിന്നുയിരായ്..

എന്നുമെൻ..കൂട്ടുകാരി..മെല്ലെവന്ന് തഴുകുന്ന കാറ്റിൻ്റെ

താളവും നീയല്ലയോ ഓർമ്മതൻ ചെറുചിപ്പിക്കുള്ളിലെ

വെൺമുത്തും നീയല്ലയോ ഒരുനാളു മറയാതെ... ഒന്നുമേ

ഒളിക്കാതെ...നീയെൻ പ്രാണതോഴി....

Saina Fathima
9.D



# കണ്ണൻ കാക്കയുടെ സങ്കടം



കാഞ്ഞിരമരത്തിൽ കൂടുകൂട്ടിയ കാക്കമ്മയുടെ പൊന്നോമനയാണ് കണ്ണൻ കാക്ക. ഒരു ദിവസം അവൻ കൂട്ടിൽ നിന്ന് ദൂരേക്ക് പറന്നു. അപ്പോൾ അങ്ങു താഴെ കുറ്റിക്കാട്ടിൽ കൂടുവെച്ച കുരുവിയമ്മയുടെ പൊന്നിൻകുടമായ കുഞ്ഞൻ കുരുവിയെ കണ്ടു. അവൻ അങ്ങുമിങ്ങും പറന്നു കളിക്കുകയാണ്.

"നിന്നോടൊപ്പം കളിക്കാൻ ഞാനും വരട്ടെ?" കണ്ണൻ ചോദിച്ചു.

"കറുകറുത്ത കണ്ണൻ കാക്കേ, സുന്ദരനായ എന്റെ കൂടെ കളിക്കാൻ നീ വരണ്ട." കുഞ്ഞൻ കുരുവി മറുപടി പറഞ്ഞു.

കണ്ണൻ അതുകേട്ട് പറന്നെത്തിയത് മന്ദാര കാട്ടിലാണ്. അവിടെ പാറിക്കളിക്കുന്ന മിന്നു മൈനയെ കണ്ടു. മിന്നുവിനോടും അവൻ കളിക്കാൻ വരട്ടെ എന്ന് ചോദിച്ചു.

"കറുമ്പനായ നീയൊന്നും എന്റെ കൂടെ കളിക്കണ്ട."

മിന്നുവിന്റെ വാക്കുകൾ കേട്ട് കണ്ണൻ പറന്നുപോയി. പിന്നെ എത്തിയത് മുത്താരം കുന്നിലെ മൂവാണ്ടൻ മാവിലാണ്.

അവിടെ ചുണ്ടൻ തത്ത തത്തിക്കളിക്കുന്നു. കൂടെ കളിക്കാൻ വരട്ടെ എന്ന് കണ്ണൻ ചുണ്ടനോടും ചോദിച്ചു.

"കറുത്ത കാക്കേ, നിന്നോടൊപ്പം കളിക്കാൻ ഞാനില്ല."

ചുണ്ടൻ പറഞ്ഞത് കേട്ട് അവന് സങ്കടമായി. അവൻ കാഞ്ഞിരമരത്തിലെ കൂട്ടിലേക്ക് തിരിച്ചു പറന്നു.

കാക്കമ്മയോട് പരാതി പറഞ്ഞു:

"എനിക്ക് കറുത്ത നിറം ആയതിനാൽ ആരും എന്നെ

കളിക്കാൻ കൂട്ടുന്നില്ല."

"സാരമില്ല. അവരൊക്കെ പല നിറമുള്ള കിളികളാണ്.

പക്ഷേ, അവരെയൊക്കെ മനുഷ്യർ പിടിച്ച് കൂട്ടിലിടും.

അതോടെ അവരുടെ കളിയൊക്കെ തീരും. എന്നാൽ

കറുത്ത നിറമുള്ള നിനക്ക് പേടി കൂടാതെ പറന്നു കളിക്കാം."

കാക്കമ്മയുടെ വാക്കുകൾ കേട്ട് കണ്ണന് കാര്യം

മനസ്സിലായി. അവന് സന്തോഷമായി. അവൻ

അവിടെയെല്ലാം പാറിക്കളിച്ചു....

Anushiya.A
9.D



# അതേ പ്രാർത്ഥന

-ഇടശ്ശേരി



വസന്തത്തോടർത്തിച്ചതു വെറുതെയായില്ല, തേന്മ -

വടിമുടി പൂങ്കുലകളണിഞ്ഞു നിന്നു.

ഒരു പൂവും പൊഴിയാതെ ഉണ്ണികൾ വിരിഞ്ഞു, പിന്നീ

ടൊരുണ്ണിയും പിഴയ്ക്കാതെ

വളർന്നുവന്നു.

സമൃദ്ധി മുറ്റിടും തോറും കുനിയുകെ ന്ന റിവുറ്റ
രനധ്യായം പഠിപ്പിച്ചതതിനെ ച്ചുണ്ടി.

വേനൽ ചുഴന്നതിയുതിയൻ
നിക്ഷേപമോരോന്നും

മാണിക്യരത് നങ്ങളകാൻ മുതിർന്നേയുള്ളൂ

ആയിര മണ്ണാറക്കണ്ണന്മാർ കൊമ്പുകളി

ലായിരം കാക്കകളതിൽ പറന്നു വീണു.

ആയിരം കൊച്ചടികൾ ആ തണലിൽ വിരിയിൽ

പതിഞ്ഞു മായികമഗരം പോലെ തോപ്പു ചമഞ്ഞു.

അയൽപ്പാദ വക്ക് തന്നു വഴിപ്പണി കുടച്ചിട്ടോ

രോതുളൻ കല്ലുകൾക്കൊക്ക ചിറക്കും വന്നു

എല്ലാമെല്ലാ കഴിഞ്ഞപ്പോളാമ്മാ മരം കലുഷമാം

സ്വർലോകത്തിൻ നടയിക്കൽ കരഞ്ഞുവീണു

പിന്നത്തെ വസന്തത്തോട് മർ ത്തി ക്കയായി "ഭഗവാനെ

തന്നരുൾകെനിക്കു വീണ്ടും സഫല ജന്മം ".

വേറെന്തു ഉള്ളൂ വരം എങ്കിൽ, ദേവൻ അക്രോശിച്ചു,

"സാധോ വേദനയ്ക്കു വേണ്ടിത്താനോ ചോദിപ്പു വീണ്ടും!"

പരിസ്ഫുരൽപ്രഭാതാംശു  പതിയും പല്ലവം മെല്ലെ -

ച്ചലിക്കുമാറമ്മാകതം മൊഴിഞ്ഞി തേവം ;

" സമൃദ്ധിതൻ  കണ്ണീരത്രേ പുളിച്ചാലും വരം ; അയ്യോ

ദരിദ്രന്റെ   മരവിപ്പ് പാണസഹനിയം!

Aiswarya S.P
9.D



# If You Think You Can

If you think you are beaten, you are,
If you think you dare not, you don't.
If you'd like to win, but think you can't,
It's almost a cinch you won't.
If you think you'll lose, you're lost,
For out in the world we find Success begins with a fellow's will- It's all in the state of mind.
If you think you're outclassed, you are,
You've got to think high to rise,
You've got to be sure of yourself

before

You can ever win a prize.

Life's battles don't always go To the stronger or faster

man, But soon or late the man who wins Is the man

who thinks he can.

**വർഷ M S**
**8 C**



# The girl and the cat

There was a girl whose name was Takano . She was always lonely . She has no friends Because she has social disorder (condition that makes it hard to talk to others people) she likes to become friends with her class mates .But she can't .she was always sad about it .noone in her class comes and talk to her . Her parents work at Tokyo . And she lives with her grandmother .

One day on the way to the school ,she saw a cat .The cat was so

clever . She likes cat so much .But her grandmother not likes cat .she pat the cat and give it some biscuts. From that day on the cat always wait for her to come . She gives it something to it .she give it a name neko .on the way back home Takano and neko always plays . She was really happy to have a friend . One day neko follows her all the way to home .Her grandmother argue with her and ask why did you come with a cat .you know that I don't like cat then why ?Takano

take a book from her bag and started writing 'grandmother I saw this cat on the way to the school , all the day I play with it .I was so happy to have a friend . As I and neko are same ,cats never talk to others like that I also

never talk to others . Please grandma it will never distrub you I promise that. This was that she wrote . Grandma reads it and said ' ok I allow it but make sure that it will not be around me ' Thank you grandma . Takano was really happy .............

Semeeha.s
9C



# Oil Painting







സ്നേഹ 8 C



Arjav Anil
6B










HAPPY
WOMEN'S DAY
8 MARCH




Avanika C R
Std 7C







ശബരി ഷിനു
6C






Nidev Nithin
Std 7E














Abhirami
10A







**മാളവിക അനിൽ**

**9C**





കീർത്തന C S
10 D














Abhinav R
6B



അഷ്ടമി T S
9 C








**ശബരി ഷിനു**

6C





## ആലിയ ഫാത്തിമ
6C



# സ്കൂൾ കാമ്പസിലൂടെ



# ജി.എച്ച്.എസ്.എസ് ഏരൂർ

# ലിറ്റിൽ കൈറ്റ്സ്




LK Batch 2022-2025





little KITEs

# GHSS YEROOR



## ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിലേക്ക് തെരെഞ്ഞെടുത്ത ഭാർഗവി ആർ എം ന് അഭിനന്ദനങ്ങൾ



കൊല്ലം ജില്ലാ ക്യാമ്പിൽ പങ്കെടുത്തവർ...
ആദിത്യൻ ദീപു
മേഘ MS
(2020-23)

അഭിനന്ദനങ്ങൾ







കൊല്ലം ജില്ലാ ക്യാമ്പിൽ പങ്കെടുത്ത ശ്രീ ധന്യാ രാജിന് അഭിനന്ദനങ്ങൾ

**(2021-24)**

# ഫീൽഡ് ട്രിപ്പ്




## വീ.എസ്.സി , ചിത്രാഞ്ജലി സ്റ്റുഡിയോ




# ഗ്ലോബൽ സയൻസ് ഫെസ്റ്റ്






പ്രകാശ് ഗ്രന്ഥശാല
പ്രകാശ് കലാസമിതി


Career Opportunity for IT &
eering/MSc/MCA Graduates
IRTUAL RE
E BEYOND I
Short Term Training Programs
Industrial Training

# Freedem Fest






വിജ്ഞാനത്തിന്റെയും നൂതനാശയ നിർമ്മിതിയുടെയും

സാങ്കേതികവിദ്യയുടെയും പ്രയോജനം എല്ലാവർക്കും

പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരളസർക്കാർ

2023 ഓഗസ്റ്റ് 12 മുതൽ 15 വരെ തിരുവനന്തപുരത്ത്
വച്ച് ' സ്വതന്ത്ര വിജ്ഞാനോത്സവം'
(Freedom fest 2023)
എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് ഉത്തരവ്

പുറപ്പെടുവിച്ചത് സ്വതന്ത്ര സോഫ്റ്റ്വെയർ

ഉപയോഗത്തിലൂടെ നിരവധി പ്രവർത്തനങ്ങൾ കൈറ്റിന്റെ

പിന്തുണയോടുകൂടിപൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി

വരുന്നുണ്ട്. ഫ്രീഡം ഫെസ്റ്റ് 2023ന്റെ ഭാഗമായി

പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ

കൈറ്റ്സ് യൂണിറ്റുകളുടെയും മറ്റ് ക്ലബ്ബുകളുടെയും

നേതൃത്വത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെ

സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

ഓഗസ്റ്റ് 9ആം തീയതി ബുധനാഴ്ച G. H. S. S ഏരൂർ

സ്കൂളിലും വൊക്കേഷണൽ ഹയർ സെക്കൻഡറി

സ്കൂളുകളിലും പ്രത്യേക സ്കൂൾ അസംബ്ലി വിളിച്ചുചേർത്ത്

സ്വതന്ത്ര വിജ്ഞാനോത്സവവുമായി ബന്ധപ്പെട്ട്

ലഭ്യമാകുന്ന സന്ദേശം വായിച്ചു .

സ്വതന്ത്ര വിജ്ഞാനോത്സവം 2023 ന്റെ ഭാഗമായി

സ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ

സാങ്കേതിക സഹായം, മോഡ്യൂൾ , പ്രസന്റേഷൻ , മറ്റ്

സാമഗ്രികൾ തുടങ്ങിയവ കൈറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

സ്വതന്ത്ര വിജ്ഞാനോത്സവത്തിന്റെ സന്ദേശം

പ്രചരിപ്പിക്കുന്നതിന് സഹായിക്കുന്ന പോസ്റ്ററുകൾ ലിറ്റിൽ

കൈറ്റ് യൂണിറ്റുകളുടെ നേതൃത്വത്തിൽ തയ്യാറാക്കുകയും

മികച്ച പോസ്റ്ററുകൾ സ്കൂൾ വിക്കിയിലേക്ക് അപ്ലോഡ്

ചെയ്ത് പ്രിന്റെടുത്ത് സ്കൂൾ നോട്ടീസ് ബോർഡിൽ

പ്രദർശിപ്പിക്കുകയും ചെയ്തു.

സ്കൂളുകളിലേക്ക് ലഭ്യമാക്കിയിട്ടുള്ള സ്വതന്ത്ര ഹാർഡ്

വെയറുകളായ Arduino കിറ്റിന്റെ സഹായത്തോടെ ,

Dancing LED

Automatic Traffic signal

Automatic street light

Robo hen

AI with lemon spoon

തുടങ്ങിയ പ്രവർത്തനങ്ങളും ഞങ്ങൾ ചെയ്തു .

സ്വതന്ത്ര വിജ്ഞാനോത്സവത്തിന്റെ ആവശ്യകതയും

ലക്ഷ്യവും വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും

അറിയിക്കുന്നതിനുള്ള സെമിനാറുകളും ബോധവൽക്കരണ

ക്ലാസുകളും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ മറ്റു പ്രാദേശിക

ഐ.ടി കൂട്ടായ്മകൾ എന്നിവരുടെ സഹായത്തോടെ

കൈറ്റ് ലഭ്യമാക്കുന്ന മോഡ്യൂളുകളും പ്രസന്റേഷനും മറ്റ് സാമഗ്രികളും പ്രയോജനപ്പെടുത്തിക്കൊണ്ട് സംഘടിപ്പിച്ചു

കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ

G.H.S.S ഏരൂർ സ്കൂളിൽ ആഗസ്റ്റ് 9, 10 ,11,

തീയതികളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗം

സംബന്ധിച്ച് ക്ലാസുകൾ ഞങ്ങൾ നടത്തിയിട്ടുണ്ട്.

# സൈബർ സുരക്ഷാ ക്ലാസ്


GOVT.HIGHER SECONDARY SCHOOL
YEROOR
Little KITE
അമ്മമാരുടെ സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസ്
സമാപന ദിനം:
2:30 PM മുതൽ
വിപിൻ മഹാത്മ
സൈബർ
ലോകത്തെ
സുരക്ഷിത
ജീവിതം









# ബോധവൽക്കരണ പരിപാടി

അഞ്ചൽ: ഏരൂർ ഗവ. ഹയർ സെക്കറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ അമ്മമാർക്ക് സൈബർ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. പിടിഎ വൈസ് പ്രസിഡന്റ് എസ് സുദേവൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഹരീഷ് കുമാർ അദ്ധ്യക്ഷനായിരുന്നു. എച്ച്എം ഹാമിലാ ബീവി, ബിന്ദു ജി, പ്രസാദ്, സുനിൽ കെ ആർ എന്നിവർ സംസാരിച്ചു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ റംസിയ, ആൻ മേരി, ശ്രീപാർവ്വതി, മേഘ തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.







സൈബർ സുരക്ഷാ ക്ലാസ് ആയിലറ UPS ലെ കുട്ടികൾക്കായി നടത്തിയപ്പോൾ



# കൃഷിഭവൻ സന്ദർശനം



# മാസ്റ്റർ ട്രെയ്നിസിന്റെ മികച്ച ക്ലാസുകൾ













Samsung Quad Camera
Shot with my Galaxy M31

# ബാംഗ്ലൂരിൽ നിന്നുള്ള ടീമിന്റെ സന്ദർശനം



# ജെ. ആർ. സി









# എൻ. സി. സി





# എസ്. പി. സി







Shot by _rejith_




Student
Police cadet
Project
GHSS
YEROOR
Congratulations
SPC സംസ്ഥാന ക്യാമ്പിലേക്ക്
തിരഞ്ഞെടുക്കപ്പെട്ട
Nehra Shamnad ന്
GHSS YEROOR ന്റെ ആശംസകൾ





# ന്യൂൺ മീൽ







# സ്കൂൾ കൗൺസിലിങ്




## ക്വിസ്.... വിജയികൾ അഭിനവ് A S & Varsha M S



# വാട്ടർ ബെല്ല്



# പുസ്തകക്കൂട്



# സ്കൂൾ കലോത്സവം






M.H.S.S ELAMPALLOOR
3





62
കൊല്ലം ജില്ലാ
കലോത്സവം










G H S S ഏരൂർ



അർഥൗകസ്



സംസ്ഥാന സ്കൂൾ സാമൂഹ്യ
ശാസ്ത്ര മേള
പ്രസംഗം
A Grade.
ക്വിസ്
A Grade
അഭിനവ് . A.S
അറ്റ്ലസ്
നിർമ്മാണം
A Grade
ഭാർഗവി R.M
അഭിനന്ദനങ്ങൾ
സോഷ്യൽ സയൻസ് ക്ലബ്

# State Maths Fair



## Aisha Navas

Applied Construction A grade



# സംസ്ഥാന വോളിബോൾ ചാമ്പ്യൻഷിപ്പ്






Indrajith c.s
+1 Student

പ്രവൃത്തി പരിചയമേളയിലെ ഹയർ സെക്കണ്ടറി സംസ്ഥാന തല വിജയി .BRC ക്ലേ മോഡലിംഗ് മത്സരങ്ങളിലെ ദേശീയ തല വിജയി

# യു.പി വിഭാഗം സ്കൂൾ ടൂർ





# ആഘോഷ പരിപാടികൾ




Samsung Quad Camera
Shot with my Galaxy M31


Samsung Quad Camera


Samsung Quad Camera
Shot with my Galaxy M31


Shot by _reJith_

# അർഥൗകസ്



**അക്ഷരം അറിവാണ് ... .. അറിവ് വെളിച്ചവും .... അർഥൗകസ് ഒരു നിറദീപമായി പ്രകാശിക്കുമെന്നാണ് പ്രതീക്ഷ. ഈ ദീപം കൊളുത്താൻ കൂടെ നിന്നവർ ഏറെപ്പേരുണ്ട്. ഓരോ മുഖവും നന്ദിയോടെ സ്മരിക്കുന്നു.**

നന്ദി......